# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

SEPTEMBER - OCTOBER 2023 No. 5 | 23



For Private Circulation Only

# CHRAISTHAVA VANITHA

*For Private Circulation Only*

Founder Editor

**Annamma Charles John**

(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**

## Editorial Committee

**Mrs.Mary Anchan, Mrs. Sherine Kingston, Mrs. Sobha Selin, Mr. George John**

**Articles for publication should be sent to: Mrs. Sherine Kingston, P.O. Box 2501, MCPO Trivandrum 695011 or by email to sherinekingston@gmail.com. Mob : +919087144349**

## ഉള്ളടക്കം

- നന്മ ചെയ്യുന്നതിൽ തളർന്നു പോകരുത്.................................1
- വിലാപങ്ങളിലേക്കു ഒരു എത്തിനോട്ടം.................................3
- കൊത്തിയ മൂലത്തൂണുകൾ.................................6
- ഹൃദയശുദ്ധിയും പ്രതികരണവും.................................10
- വിടുവിക്കപ്പെട്ടവൾ.................................12
- മനസ്സു പുതുക്കി രൂപാന്തരപ്പെടുക.................................15
- ഇൻഷാ അള്ളാ.................................18
- താമാർ എന്ന കൗശലക്കാരി.................................23
- പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും.................................26
- ജീവന്റെ വഴികളെ ത്യജിച്ചവർ.................................30
- കണ്ടാലും കൊണ്ടാലും പഠിക്കാത്തവർ.................................34
- വിശ്വാസികൾ (പ്രത്യേകിച്ചും) അനുവർത്തിക്കുന്നതിന്...... cover iii
- Quest 91................................................ cover iv

ആമുഖം

# നന്മ ചെയ്യുന്നതിൽ തളർന്നു പോകരുത്

(2 തെസ്സ. 3:13)

---

വില്യം മക്കെൻലി (Willam McKinley) അമേരിക്കയുടെ 25-മത്തെ പ്രസിഡണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്തു ഒരു സ്ഥാനപതിയെ (Ambassador) തെരഞ്ഞെടുക്കേണ്ടതായ ആവശ്യം ഉണ്ടായി. അനേക അഭ്യർത്ഥികളിൽ ഒരേ യോഗ്യതയുള്ള രണ്ടുപേർ മുമ്പോട്ടു വന്നു. ഇരുവരും ഏറെക്കുറെ ആ സ്ഥാനത്തേക്ക് യോഗ്യതയുള്ളവരായിരുന്നതിനാൽ തെരഞ്ഞെടുക്കുന്നത് ബുദ്ധിമുട്ടായിരുന്നു. അപ്പോഴാണ് അവരിൽ ഒരാളെ ഇതിനു മുമ്പ് എവിടെയോ വച്ച് കണ്ടിട്ടുള്ളതായ ഓർമ്മ ഉണ്ടായത്. മക്കെൻലി കോൺഗ്രസ് പ്രസിഡണ്ടായിരുന്ന കാലത്ത് ഒരിക്കൽ ഒരു റെയിൽവേ യാത്രയിലെ പ്രത്യേക സ്മരണ അദ്ദേഹത്തിനു ഉണ്ടായി. ട്രെയിൻ പുറപ്പെട്ടു കൊണ്ടിരിക്കവെ ഒരു അലക്കുകാരി സ്ത്രീ തന്റെ ഭാണ്ഡക്കെട്ടുമായി പെട്ടെന്നു അകത്തു പ്രവേശിച്ചു. ഒരു സീറ്റും ഒഴിഞ്ഞു കിടന്നിരുന്നില്ല. അതിനാൽ ആ സ്ത്രീ തന്റെ ഭാണ്ഡക്കെട്ടും വഹിച്ചുകൊണ്ട് ഒരു യാത്രക്കാരൻ ഇരുന്നിരുന്ന സീറ്റിലേക്ക് ചാരിക്കൊണ്ടു നില്ക്കുന്നതും, ആ വ്യക്തി ഒരു വർത്തമാന പത്രം എടുത്തു സ്ത്രീയെ കാണാതിരിക്കത്തക്കവണ്ണം ഉയർത്തിപ്പിടിച്ചുകൊണ്ടു ഇരിക്കുകയും ചെയ്യുന്നതും കാണാൻ ഇടയായി. പിൻസീറ്റിലിരുന്ന മക്കെൻലി എഴുന്നേറ്റു തന്റെ ഇരിപ്പിടം ആ സ്ത്രീക്കു നല്കി. അതേ വ്യക്തിയാണ് സ്ഥാനാർത്ഥികളിൽ ഒരാൾ എന്ന വാസ്തവം തിരിച്ചറിഞ്ഞ മക്കെൻലിക്കു സ്ഥാനപതിയെ തെരഞ്ഞെടുക്കുവാൻ പ്രയാസമുണ്ടായില്ല. സ്വാർത്ഥതമൂലം തനിക്കു ലഭിക്കാമായിരുന്ന പദവി അയാൾക്കു നഷ്ടപ്പെട്ടു. വിദ്യാഭ്യാസ യോഗ്യതകളും മറ്റ് അനേക നേട്ടങ്ങളും ഉണ്ടായിരുന്നാലും മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ കഴിവില്ലെങ്കിൽ ജീവിതം അർത്ഥശൂന്യമാണ്. വിദ്യാഭ്യാസം മാനുഷബുദ്ധി വികസിപ്പിക്കുന്നു. എന്നാൽ സംസ്കാരമാണ് മനുഷ്യനെ മൃഗങ്ങളിൽ നിന്നും വ്യത്യസ്തനാക്കുന്നത്. നമ്മുടെ പ്രവർത്തനങ്ങൾ നമ്മുടെ വ്യക്തിത്വത്തെ പ്രതിഫലിപ്പിക്കുന്നു.

ആധുനിക വിദ്യാഭ്യാസത്തെക്കുറിച്ച് അമേരിക്കയിലെ പ്രശസ്ത സർവ്വകലാശാലകളിലൊന്നായ ജോൺ ഹോപ്കിൻസി (John Hopkins)ലെ പ്രസിഡന്റായിരുന്ന സ്റ്റീവൻ മുള്ളർ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. സർവ്വകലാശാലകൾ സമർത്ഥരായ കിരാതരെ പുറപ്പെടുവിക്കയാണ് ചെയ്യുന്നത്. കാരണം യുവജനങ്ങൾക്ക് ധാർമ്മികമായ അടിത്തറയും രൂപരേഖയും നാം നല്കുന്നില്ല. “Universities are turning out highly

skilled barbarians because we don't provide a framework of values to young people".

സ്നേഹം, ദയ, പരോപകാരം എന്നീ ഗുണങ്ങൾ പരിശുദ്ധാത്മാവിന്റെ ഫലത്തിൽ ഉൾപ്പെടുന്നു.

ഒരാൾ എത്ര വിദ്യാസമ്പന്നനോ, കഴിവുള്ളവനോ ധനികനോ, കുലീനനോ ആണെങ്കിലും അയാൾ മറ്റുള്ളവരോട് എങ്ങനെ പെരുമാറുന്നു എന്നത് അയാളുടെ വ്യക്തിത്വത്തെ പ്രദർശിപ്പിക്കുന്നു.

എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ. അവൻ ഭൂമിയിൽ ഭാഗ്യവാനായിരിക്കും എന്ന് തിരുവചനം ഉല്ലേഖനം ചെയ്തിരിക്കുന്നു. എളിയവനോടു കൃപ കാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു (സദൃശ. 19:17). കരുണ കാണിക്കാത്തവന് കരുണ ഇല്ലാത്ത ന്യായവിധി ഉണ്ടാകും.

നമ്മുടെ വാക്കുകളും, ജീവിതവും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോ എന്ന് നമ്മെ ശോധന ചെയ്യാൻ കർത്താവു കൃപ നല്കട്ടെ.

**മേരി അഞ്ചൻ (തുംകൂർ)**

## Quest 90-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
2. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
3. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
4. ജോയമ്മ സാംസൺ, കൊല്ലം
5. എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ
6. ലീല കെ.വി. പുളിയ്ക്കൽ കവല, കോട്ടയം
7. അന്നമ്മ എബ്രഹാം, പെരുമന്നൂർ, കൊച്ചി
8. സി.എം. മാമ്മൻ, കേന്ദ്രീയ വിഹാർ, മുംബൈ
9. ലൈസ സാമുവേൽ, മുംബൈ
10. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം
11. കുഞ്ഞുമോൾ ഈപ്പച്ചൻ, ഉള്ളൂർ, തിരുവനന്തപുരം
12. ബ്ലെസി കെ. ശാമുവേൽ, ഓമല്ലൂർ പത്തനംതിട്ട
13. സൂസൻ തോമസ്സ്, പട്ടം, തിരുവനന്തപുരം

**ക്വെസ്റ്റ് 90-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ** **ക്വിസ് മാസ്റ്റർ**

# വിലാപങ്ങളിലേക്കു ഒരു എത്തിനോട്ടം

ബി.സി. 581 വിശുദ്ധനഗരത്തിന് നേരിട്ട നാശത്തെക്കുറിച്ച് ദുഃഖിച്ച് എഴുതിയ അഞ്ച് കാവ്യങ്ങളാണ് വിലാപങ്ങൾ എന്നറിയപ്പെടുന്നത്. ഇതിന്റെ എഴുത്തുകാരൻ യിരെമ്യാവാണ് എന്ന് കരുതപ്പെടുന്നു. ഇസ്രായേലിന്റെ പാപം ഹേതുവായിട്ട് യഹോവ സ്വന്തം ജനത്തെ ഉപേക്ഷിക്കുകയും വിശുദ്ധമന്ദിരം ജാതികൾക്ക് ഏൽപ്പിച്ചു കൊടുത്തതുമാണ് സന്ദർഭം. യഹോയാക്കിമിന്റെ വാഴ്ചക്കാലത്ത് ദൈവാലയം ദൈവം നശിപ്പിക്കുമെന്നും, യഹൂദജനത്തെ യഹോവ ഉപേക്ഷിക്കുകയും, അവർ എഴുപതുവർഷം ബാബേലിലേക്ക് പ്രവാസി കളായി പോകേണ്ടിവരും എന്നും യിരെമ്യാവു പ്രവചിച്ചു. എന്നാൽ കള്ള പ്രവാചകന്മാർ അതു നിരസിക്കുകയും പ്രവാസം രണ്ട് വർഷം മാത്രമാണ് എന്ന് അവർ പ്രവചിച്ചു. ബി.സി. 597 സിദെക്കീയാവിന്റെ ഭരണകാലത്ത് പ്രവചനം നിവൃത്തിയായി. ദൈവം യിരെമ്യാവിലൂടെ ഇപ്രകാരം അരുളിച്ചെയ്തു, ബാബേൽ രാജാവിന്റെ പ്രഭുക്കന്മാരുടെ അടുക്കൽ പുറത്ത് ചെന്നാൽ നിനക്ക് പ്രാണരക്ഷ ഉണ്ടാകും, ഈ നഗരത്തെ തീ വച്ച് ചുട്ടുകളയുകയുമില്ല, നീയും നിന്റെ ഗൃഹവും ജീവനോടെ ഇരിക്കും (യിരെമ്യാവ്. 38:17). യിരെമ്യാവു മുഖാന്തരം യഹോവ സിദെക്കീയാവോടു ബാബേലിനു കീഴടങ്ങാൻ ഉപദേശിച്ചെ ങ്കിലും അവന് മനസ്സായില്ല.

എന്നാൽ പ്രവചനം നിവൃത്തിയാവുകയും യെരുശലേം നഗരത്തെ തീ വെച്ച് ചുട്ടു സിദെക്കീയാവിന്റെ മുൻപിൽ വെച്ച് മക്കളെ വെട്ടിക്കൊല്ലുകയും അവനെ കണ്ണ് പൊട്ടിച്ചു ചങ്ങലയിട്ട് ബന്ധിച്ചു ബാബേലിലേക്ക് കൊണ്ടുപോവുകയും ചെയ്തു. അതിനാൽ സ്വന്തം രാജ്യത്തെയും ജനത്തെയും ജീവനുതുല്യം സ്നേഹിച്ച പ്രവാചകൻ കുഴപ്പക്കാരനും രാജദ്രോഹിയുമായി മുദ്ര കുത്തപ്പെട്ടു. ജനവും പ്രഭുക്കന്മാരും രാജാക്കന്മാരും അദ്ദേഹത്തെ ഇല്ലാതാക്കുവാൻ ശ്രമിച്ചു. തടങ്കലിലാക്കി നിലവറയിൽ പാർപ്പിച്ചു, കൊല്ലുവാൻ കുഴിയിൽ ഇട്ടു കളഞ്ഞു. എന്നാൽ ദൈവം അത്ഭുതകരമായി അതിൽ നിന്നെല്ലാം വിടുവിച്ചു. അദ്ദേഹത്തിന്റെ അപേക്ഷയാൽ രാജാവ് കാവൽപ്പുര മുറ്റത്തേക്ക് മാറ്റി പാർപ്പിച്ചു. ഇത്രയൊക്കെ സഹിച്ചപ്പോഴും കഷ്ടത്തിലൂടെ കടന്നുപോകുമ്പോഴും കണ്ണുനീരിന്റെ പ്രവാചകൻ എന്ന്

വിളിക്കപ്പെടുന്ന യിരെമ്യാവ് തെല്ലും സങ്കോചം കൂടാതെ പ്രവാചക ശുശ്രൂഷ വിശ്വസ്തതയോടെ നിർവ്വഹിച്ചു.

ജനസംപൂർണ്ണയായിരുന്ന വിശുദ്ധനഗരമായ യെരുശലേമിനെ ഒരു പുത്രിസമമനോഭാവത്തോടെ കണ്ടു അതിന്റെ അതിക്രമം ഹേതുവായി ദൈവം ആ നഗരത്തെ ഉപേക്ഷിച്ചു, അതിനെ ശത്രുക്കൾക്ക് ഏല്പ്പിച്ചു കൊടുത്തപ്പോൾ വൈരികൾ അതിനെ ചവിട്ടി മെതിക്കുന്നത് കണ്ട് ഹൃദയം നുറുങ്ങി വിലപിക്കുന്ന എഴുത്തുകാരനെ നമ്മൾക്ക് കാണാൻ കഴിയുന്നു. അവളുടെ അരമനകളെ മുടിച്ച് കോട്ടകളെ നശിപ്പിച്ചു ഉത്സവവും ശബ്ബത്തും മറക്കുമാറാക്കി രാജാവിനെയും പുരോഹിതനെയും നിരസിച്ചു കർത്താവ് യാഗപീഠം തള്ളിക്കളഞ്ഞു, തന്റെ വിശുദ്ധമന്ദിരം വെറുത്തു. അവളുടെ പാപം ഹേതുവായി എതിർത്ത് നില്പ്പാൻ കഴിയാത്തവരുടെ കൈയിൽ കർത്താവ് എന്നെ ഏല്പിച്ചിരിക്കുന്നു. യഹൂദ പുത്രിയായ കന്യകയെ കർത്താവ് ചക്കിലിട്ട് കളഞ്ഞിരിക്കുന്നു ആശ്വാസപ്രദൻ എന്നോട് അകന്നിരിക്കുന്നു പ്രബലയായ എന്റെ മകൾ നശിച്ചിരിക്കുന്നു. യഹോവ നീതിമാൻ ഞാൻ അവന്റെ കല്പനയോടും മത്സരിച്ചു അതുമൂലം എന്റെ കന്യകമാരും യൗവനക്കാരും പ്രവാസത്തിലേക്ക് പോയിരിക്കുന്നു. എന്റെ പുരോഹിതന്മാരും മൂപ്പന്മാരും വിശപ്പടക്കേണ്ടതിന് ആഹാരം തിരഞ്ഞു നടക്കുമ്പോൾ നഗരത്തിൽ വച്ച് പ്രാണനെ വിട്ടു. പൈതങ്ങളും ശിശുക്കളും നഗരവീഥികളിൽ തളർന്നു കിടക്കുന്നു. പ്രാണൻ വിടുമ്പോഴും ആഹാരവും വീഞ്ഞും എവിടെ എന്ന് അമ്മമാരോട് ചോദിക്കുന്നു. കുഞ്ഞിന്റെ നാവ് ദാഹം കൊണ്ട് അണ്ണാക്കോടു പറ്റിയിരിക്കുന്നു, പൈതങ്ങൾ അപ്പം ചോദിക്കും ആരും നുറുക്കി കൊടുക്കുന്നതുമില്ല. സ്വാദുഭോജ്യങ്ങളെ അനുഭവിച്ചു വന്നവർ വീഥികളിൽ പട്ടിണി കിടക്കുന്നു. ധൂമ്രവസ്ത്രം ധരിച്ചു വളർന്നവർ കുപ്പകളെ ആലിംഗനം ചെയ്യുന്നു. അവളുടെ പ്രഭുക്കന്മാർ ഹിമത്തിലും നിർമ്മലന്മാരും പാലിലും വെളുത്തവരും ആയിരുന്നു. അവരുടെ ദേഹം പവിഴത്തിലും ചുവപ്പുള്ളതും അവരുടെ ശോഭ നീലക്കല്ലു പോലെയും ആയിരുന്നു. ശത്രുവിന്റെ കൈയിൽ ഏല്പിക്കപ്പെട്ടപ്പോൾ അവരുടെ മുഖം കരിക്കട്ടയേക്കാൾ കറുത്തിരിക്കുന്നു. വീഥികളിൽ അവരെ കണ്ടിട്ട് ആരും അറിയുന്നില്ല. വാൾ കൊണ്ട് മരിക്കുന്നവർ വിശപ്പുകൊണ്ട് മരിക്കുന്നതിലും ഭാഗ്യവാന്മാർ. വിശപ്പിന്റെ കാഠിന്യം നിമിത്തം കരുണ യുള്ള സ്ത്രീകൾ തങ്ങളുടെ പൈതങ്ങളെ സ്വന്തം കൈ കൊണ്ട് പാകം ചെയ്തു കഴിക്കുന്നു. സീയോൻ പർവ്വതം ശൂന്യമായി കുറുക്കന്മാർ അവിടെ മേയുന്നു. ഞങ്ങളുടെ തലയിലെ കിരീടം വീണുപോയി.

ഞങ്ങൾ പാപം ചെയ്യുക കൊണ്ട് ഞങ്ങൾക്ക് അയ്യോ കഷ്ടം. യഹോവേ ഞങ്ങൾ മടങ്ങിവരേണ്ടതിന് ഞങ്ങളെ നിങ്കലേക്ക് മടക്കിവരുത്തേണമേ. ഞങ്ങൾക്ക് പണ്ടത്തെപ്പോലെ ഒരു നല്ല കാലം വരുത്തേണമേ. അല്ല നീ ഞങ്ങളെ അശേഷം മുടിച്ചുകളഞ്ഞിരിക്കുന്നുവോ? ഞങ്ങളോട് നീ അതികഠിനമായി കോപിച്ചിരിക്കുന്നുവോ? ഒടുവിലായി ഒരു അപേക്ഷയും ഒരു ചോദ്യവുമായി വിലാപങ്ങൾ അവസാനിക്കുന്നു.

ഇതു ദൃഷ്ടാന്തമായി അവർക്കു സംഭവിച്ചു, ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധ്യുപദേശത്തിനായി എഴുതിയുമിരിക്കുന്നു. (1 കൊരി 10:11)

സ്വന്തം ജനത്തെ വൈരികളുടെ കൈകളിൽ ഏല്പിച്ചപ്പോൾ അവർ ഇത്ര എല്ലാം അനുഭവിച്ചു എങ്കിൽ പ്രിയദൈവമക്കളേ, നമ്മുടെ അകൃത്യവും പാപവും ദൈവം കാണുന്നില്ല എന്ന് കരുതരുത്. തന്റെ ജനത്തെ കൈവിട്ട ദൈവം നമ്മെയും വൈരികൾക്ക് ഏല്പിച്ചു കൊടുത്തെന്നിരിക്കാം. കൊമ്പുകളിൽ ചിലത് ഒടിച്ചിട്ട് കാട്ടൊലിവായ നിന്നെ അവയുടെ ഇടയിൽ ഒട്ടിച്ചുചേർത്തു സ്വാഭാവിക കൊമ്പുകളെ ആദരിക്കാതെ പോയെങ്കിൽ നിന്നെയും ആദരിക്കാതെ വന്നേക്കാം. (റോമർ 11:17 മുതൽ 21). പാപത്തെ വെറുക്കുന്ന പരിശുദ്ധനായ ദൈവം നമ്മെ സദാസമയം നോക്കിക്കൊണ്ടിരിക്കുന്നു. അവന്റെ മുന്നിൽ മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയും ഇല്ല. സകലവും അവന്റെ മുമ്പിൽ നഗ്നവും മലർന്നതുമായി കിടക്കുന്നു. ആരു പാപം ചെയ്താലും ഒരു ദേശം ആകട്ടെ, സഭയെ നയിക്കുന്നവരാകട്ടെ, വിശ്വാസികളാകട്ടെ, ദൈവസന്നിധിയിൽ പാപം ഒരുപോലെ തന്നെയാണ്. ദൈവത്തിന്റെ മുമ്പിൽ ആർക്കും ഒന്നും മറച്ചു പിടിക്കാൻ സാധ്യമല്ല. 'പ്രതികാരം എനിക്കുള്ളത് ഞാൻ പകരം വീട്ടും. 'എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. നമ്മുടെ പാപങ്ങൾ ഏറ്റുപറഞ്ഞു ഉപേക്ഷിച്ച് ദൈവ മുമ്പാകെ വീണാൽ അവൻ നമ്മോട് ക്ഷമിക്കും. പിതാവിന്റെ സന്നിധിയിൽ കർത്താവായ യേശുക്രിസ്തു നമുക്ക് വേണ്ടി സദാ പക്ഷവാദം ചെയ്യുന്നു എന്നോർത്ത് നമുക്കു സ്തോത്രം ചെയ്യാം. ദൈവത്തിന്റെ തിരുനാമം മഹത്ത്വപ്പെടുമാറാകട്ടെ

**മഹേശ്വരി പുരന്ദരൻ**

***"പ്രിയമുള്ളവരേ, നിങ്ങൾക്കു പരീക്ഷക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്കു വന്നുകൂടി എന്നുവച്ചു അതിശയിച്ചുപോകരുതു"***

***(1 പത്രൊസ് 4:12).***

# കൊത്തിയ മൂലത്തൂണുകൾ

യഹോവയുടെ അനുഗ്രഹം കൊണ്ട് തന്റെ ജനത്തിനുണ്ടാകുന്ന ഐശ്വര്യ സമൃദ്ധിയെക്കുറിച്ച് ദാവീദ് ആലപിക്കുന്ന ഒരു കീർത്തനമാണ് 144-ാം സങ്കീർത്തനം. രാജകീയ സങ്കീർത്തനം എന്ന നിലയിൽ ദൈവത്താൽ നിയമിക്കപ്പെട്ട രാജാവിനെയും ആ രാജാവിന്റെ പ്രജകളുടെ ഭാഗ്യത്തെയും വിവരിക്കുന്നു. 12-ാം വാക്യത്തിൽ അവരുടെ പുത്രന്മാരെ തഴെച്ചുവളരുന്ന തൈകളായും പുത്രിമാരെ മൂലത്തൂണുകളായും ഉപമിച്ചിരിക്കുന്നു. പുത്രിമാർ അരമനയുടെ മാതിരിയായി കൊത്തിയ മൂലത്തൂണുകൾ.

പഴയകാലത്ത് രാജാക്കന്മാരുടെ അരമനകൾ മനോഹരമായ തൂണുകളാൽ അലങ്കൃതമായിരുന്നു. അവയിൽ ഏറ്റവും പ്രധാന തൂണാണ് മൂലത്തുൺ. ആ കെട്ടിടത്തിന്റെ ഭാരം ഈ തൂണിലാണു കേന്ദ്രീകരിച്ചിരിക്കുന്നത്. പല പല ചിത്രപ്പണികൾ അതിൽ കൊത്തിയുണ്ടാക്കി അത് എത്രയും മനോഹരമാക്കിയിരുന്നു. ദൈവജനത്തിന്റെ പുത്രിമാരെ ഇത്തരത്തിൽ നിർമ്മിക്കപ്പെട്ട തൂണുകളോടാണ് ഉപമിച്ചിരിക്കുന്നത്.

ഭംഗി വരുത്തുവാനായി കൊത്തുപണികൾ നടത്തുമ്പോൾ ആ തൂൺ ധാരാളം അടികളും കൊത്തുകളും അനുഭവിക്കേണ്ടിവരും. അവയെല്ലാം സഹിച്ച് അവസാനം ഭംഗിയുള്ള തൂണുകളായി മാറുന്നു. അതുപോലെയാണ് ദൈവമക്കളുടെ പെൺകുട്ടികൾ. അവർ ജീവിത മന്ദിരത്തെ മനോഹരമാക്കാൻ ധാരാളം കഷ്ടപ്പാടുകൾ സഹിക്കേണ്ടി വരാം. അവയിലൂടെ അവർ ആ സൗധത്തിനു സൗന്ദര്യം പകരുകയാണ്. അതായത് ദൈവജനത്തിന്റെ പുത്രിമാർ തന്റെ കുടുംബത്തിന്റെ വിഷമഘട്ടങ്ങളിൽ താങ്ങും തണലുമായും ഭാരവാഹികളായും തീരും. അപ്പന്റെയും അമ്മയുടെയും മാനസികനില മനസ്സിലാക്കി പ്രതി സന്ധികളെ തരണം ചെയ്യുന്നവരായി നിലകൊള്ളും.

യിഫ്താഹിന്റെ മകൾ ഇതിന് ഒരു ഉത്തമദൃഷ്ടാന്തമാണ്. യിഫ്താഹ് യിസ്രായേലിലെ 9-ാ മത്തെ ന്യായാധിപനായിരുന്നു. അമ്മോന്യരുമായി യിസ്രായേലിന് യുദ്ധമുണ്ടായി. യിഫ്താഹ് ആയിരുന്നു സൈന്യാധിപൻ. യുദ്ധത്തിന്റെ സമയം ആഗതമായി. അമ്മോന്യരുടെ സൈന്യനിര കണ്ട് യിഫ്താഹ് ഭയചകിതനായി.

എന്നാൽ അവൻ ഒരു ദൈവഭക്തനായിരുന്നു. ദൈവാത്മാവും അവന്റെ മേൽ വന്നു. അവൻ ദൈവത്തോടു പ്രാർത്ഥിച്ചു; ഒരു നേർച്ച നേർന്നു. “അമ്മോന്യരെ യഹോവ എന്റെ കൈയിൽ ഏല്പിക്കുമെങ്കിൽ ഞാൻ അമ്മോന്യരെ ജയിച്ചു സമാധാനത്തോടെ മടങ്ങിവരുമ്പോൾ എന്റെ വീട്ടുവാതിൽക്കൽ നിന്നു എന്നെ എതിരേറ്റു വരുന്നത് യഹോവയ്ക്കു ള്ളതാകും. അതു ഞാൻ ഹോമയാഗമായി അർപ്പിക്കും”. ഈ ദൃഢ പ്രതിജ്ഞയോടെ യിഫ്താഹ് യുദ്ധം ചെയ്യാൻ അമ്മോന്യരുടെ നേരെ ചെന്നു. യുദ്ധം യഹോവെക്കുള്ളത്. തന്നിൽ ആശ്രയിക്കുന്നവരെ അവൻ ഒരുനാളും ഉപേക്ഷിക്കയില്ല. യഹോവ അവരെ അവന്റെ കൈയിൽ ഏല്പിച്ചു. അവൻ അമ്മോന്യ പട്ടണങ്ങളെ ജയിച്ചടക്കി.

യിഫ്താഹ് ജയഭേരി മുഴക്കിക്കൊണ്ട് മിസ്പയിൽ തന്റെ വീട്ടിലേക്കു ചെല്ലുമ്പോൾ ഇതാ, അവന്റെ മകൾ തപ്പോടും നൃത്തത്തോടും കൂടെ അവനെ എതിരേറ്റു വരുന്നു. അവൾ അവന്നു ഏക പുത്രി ആയിരുന്നു; അവളല്ലാതെ അവന് മകനുമില്ല മകളുമില്ല. അവളെ കണ്ടയുടനെ അവൻ തന്റെ വസ്ത്രം കീറി: “അയ്യോ, എന്റെ മകളേ, നീ എന്റെ തല കുനിയിച്ചു, നീ എന്നെ വ്യസനിപ്പിക്കുന്നവരുടെ കൂട്ടത്തിലാക്കിയല്ലോ; യഹോവയോടു ഞാൻ പറഞ്ഞുപോയി. എനിക്കു പിന്മാറിക്കൂടാ” എന്നു പറഞ്ഞു. അവൾ അവനോട്: “അപ്പാ, നീ യഹോവയോടു പറഞ്ഞു പോയിട്ടുണ്ടെങ്കിൽ, യഹോവ നിനക്കുവേണ്ടി അമ്മോന്യരോടു പ്രതികാരം നടത്തിയിരിക്കുക യാൽ നിന്റെ വായിൽ നിന്നു പുറപ്പെട്ടതുപോലെ എന്നോടു ചെയ്തു കൊൾക” എന്നു പറഞ്ഞു (ന്യായാ. 11:29-36).

ഇവിടെയാണ് യിഫ്താഹിന്റെയും മകളുടെയും മഹത്ത്വം കാണുന്നത്. യിഫ്താഹിന്റെ ഏക പുത്രിയാണ് യാഗമായി അർപ്പിക്ക പ്പെടുവാൻ പോകുന്നത്. യിഫ്താഹ് ഒരു ദൈവമനുഷ്യൻ അല്ലായിരുന്നു വെങ്കിൽ കാര്യം സാധിച്ചു കഴിഞ്ഞപ്പോൾ മാറിക്കളയാമായിരുന്നു. ദൈവമക്കളിൽ ചിലരെങ്കിലും അത്തരക്കാരായി തീർന്നുപോകാറില്ലേ? എന്നാൽ ഒരു കാര്യം പറയാതിരിക്കാൻ വയ്യാ. ദൈവാത്മാവ് ഉള്ളിൽ വസിക്കുന്ന മനുഷ്യൻ ദൈവം ആവശ്യപ്പെടാതെ അങ്ങനെ ഒരു നേർച്ച നേരാൻ പാടില്ലായിരുന്നു. എന്നാൽ പറഞ്ഞുപോയി. അതുകൊണ്ട് പിന്മാറിക്കൂടാ എന്നുതന്നെ യിഫ്താഹ് നിശ്ചയിച്ചു. കന്യകയായ മകളും യിഫ്താഹിനെപ്പോലെതന്നെ ദൈവത്തോടു കടപ്പാടുള്ളവളാണ്. ദൈവം തന്റെ അപ്പനു ചെയ്തുകൊടുത്ത വിജയത്തിനു നന്ദിയുള്ള വളാണ്. തന്റെ ജീവനിലും ഉപരി അപ്പനും അപ്പന്റെ വാക്കിനും അവൾ വില കല്പിച്ചു. തന്റെ പിതാവിന്റെ വാക്കു പാലിക്കുവാൻ വേണ്ടി തന്നെത്തന്നെ സമർപ്പിക്കുന്ന മകൾ. അവളാണ് കൊത്തിയ മൂലത്തൂൺ. തന്റെ കുടുംബത്തിന്റെ ഭാരം വഹിക്കുന്നവൾ.

പ്രിയരേ, നാം നമ്മുടെ കുടുംബത്തോടും നമ്മെ പരിപാലിക്കുന്ന ദൈവത്തോടും എത്രമാത്രം കടപ്പെട്ടിരിക്കുന്നു. നമ്മുടെ മാതാപിതാക്കളുടെ സങ്കടാവസ്ഥയിൽ അവരെ സഹായിക്കുന്നവരായിരിക്കണം എന്നു യിഫ്താഹിന്റെ മകളിലൂടെ ദൈവവചനം നമ്മെ പഠിപ്പിക്കുന്നു.

ഈ സന്ദർഭത്തിൽ വാമൊഴിയായി കേട്ട ഒരു സംഭവം കൂടെ പറഞ്ഞുകൊള്ളട്ടെ. ഒരു സഹോദരിക്ക്, തന്റെ പ്രസവസമയം വളരെ വിഷമഘട്ടമായിത്തീർന്നു. കുഞ്ഞിനെ നഷ്ടപ്പെടുമെന്ന നിലയായി. അപ്പോൾ അവൾ പ്രാർത്ഥിച്ചു, ദൈവമേ ഈ കുഞ്ഞിനെ ജീവനോടെ എനിക്കു തരികയാണെങ്കിൽ ഞാൻ അവനെ ദൈവവേലയ്ക്കായി കൊടുത്തുകൊള്ളാം. ദൈവം അവളുടെ പ്രാർത്ഥന കേട്ടു. ആരോഗ്യമുള്ള ഒരു ആൺകുഞ്ഞിനെ ദൈവം അവൾക്കു കൊടുത്തു. വളർന്നു വന്നപ്പോൾ അവൻ കോമളരൂപിയും ബുദ്ധിമാനും ആണെന്നു കണ്ട് അവനെ ദൈവത്തിനായി വേർതിരിക്കുവാൻ അവൾക്കു മനസ്സായില്ല. അവനെ പഠിപ്പിച്ച് ഒരു വലിയ ഉദ്യോഗസ്ഥനാക്കുവാൻ അവൾ ആഗ്രഹിച്ചു. അവൾക്കു രണ്ടാമതും ഒരു ആൺകുഞ്ഞു പിറന്നു. എന്നാൽ അവൻ വികലാംഗൻ ആയിരുന്നു. അവൾ മൂത്തവനു പകരം ഇളയവനെ ദൈവത്തിനു കൊടുക്കുവാൻ തീരുമാനിച്ചു. പ്രിയ ദൈവമക്കളേ, ദൈവം ചോദിക്കുന്നു. നിങ്ങൾ എന്റെ യാഗപീഠത്തിന്മേൽ മലിനഭോജനം അർപ്പിക്കുന്നു. നിങ്ങൾ കണ്ണു പൊട്ടിയതിനെയും മുടന്തും ദീനവുമുള്ളതിനെയും അർപ്പിക്കുന്നു. അതിനെ നിന്റെ ദേശാധിപതിക്കു കാഴ്ച വെച്ചാൽ അവൻ പ്രസാദിക്കുമോ? നിന്നോടു കൃപ തോന്നുമോ? ആകയാൽ ദൈവം നമ്മോടു കൃപ കാണിപ്പാൻ തക്കവണ്ണം അവനെ പ്രസാദിപ്പിച്ചു കൊൾവിൻ (മലാഖി.1:79).

എന്നാൽ യിഫ്താഹിനെപ്പറ്റി ചിന്തിച്ചാൽ അവൻ ദൈവത്തോടു പറഞ്ഞുപോയത് വളരെ പ്രയാസേനയെങ്കിലും നിവർത്തിക്കുന്നു. തന്റെ മകളെക്കാൾ അവൻ ദൈവത്തിനു വില കല്പിച്ചിരിക്കുന്നു. ഹന്നായും ഒരു പുത്രനായി ദൈവത്തോടു പ്രാർത്ഥിച്ചു. അവൾ ഒരു നേർച്ച നേർന്നു. സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷസന്താനത്തെ നല്കയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവെക്കു കൊടുക്കും. യഹോവ അവളുടെ അപേക്ഷ കേട്ടു. അവൾക്കു ഒരു മകനെ നല്കി. തന്റെ നേർച്ച പോലെ അവൾ തന്റെ മകനെ യഹോവെക്കു നിവേദിച്ചു. യിഫ്താഹ് ഹന്നയെപ്പോലെ മനസ്സോടെ യഹോവെക്കു നിവേദിച്ചതല്ല. തന്റെ അവിവേകത്താൽ

സംഭവിച്ചുപോയതാണ്. എന്നാലും ദൈവത്തോടു പറഞ്ഞുപോയ വാക്കിൽ നിന്നു പിന്മാറിയില്ല. യിഫ്താഹിന്റെ പുത്രിയും തന്റെ അപ്പന്റെ വാക്ക് അതേപടി അനുസരിച്ച് തന്നെത്തന്നെ ദൈവത്തിനു സമർപ്പിക്കുന്നു.

വലിയ തെറ്റു ചെയ്ത ഒരു കുഞ്ഞിനെപ്പോലും ഒരു പിതാവു മരണശിക്ഷയ്ക്കു ഏല്പിക്കയില്ല. യിഫ്താഹിന്റെ മകളാകട്ടെ നിഷ്ക്കളങ്കയും നിരപരാധിനിയും ആയിരുന്നു. യിഫ്താഹിന്റെ സുഹൃത്തുക്കളും അയൽക്കാരും അദ്ദേഹത്തിനു കൂട്ടുനില്ക്കയില്ല. തന്റെ പിതാവു ചെയ്ത നേർച്ച അറിയാതെ ലംഘിച്ച പുത്രനായ യോനാഥാനെ കൊല്ലുവാൻ പടയാളികൾ ശൗൽ രാജാവിനെ അനുവദിച്ചില്ല (1 ശമൂ. 14:24-46). നരബലി ന്യായപ്രമാണം വിലക്കിയിട്ടുണ്ട്. അതു യഹോവെക്കു അറപ്പാണ് (ലേവ്യ.18:21/ 20:2,5/ആവ. 18:10). ആയതിനാൽ യാഗപീഠത്തിൽ യാഗമായി അർപ്പിക്കുന്നതിനു സമാനമായി ഒരു ആത്മീയ യാഗമായി യിഫ്താഹ് ജീവപര്യന്തമുള്ള കന്യകാത്വത്തിൽ തന്റെ മകളെ തിരുനിവാസശുശ്രൂഷയ്ക്കായി സമർപ്പിച്ചു എന്നു ചില വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ദൈവാലയ ശുശ്രൂഷയ്ക്കു വേണ്ടി തങ്ങളെത്തന്നെ സമർപ്പിച്ചിരുന്ന സ്ത്രീകളെക്കുറിച്ചു ദൈവ വചനം രേഖപ്പെടുത്തിയിട്ടുണ്ട്. (പുറ.38:8, 1 ശമൂ.2:22; ലൂക്കൊ.2:37). ഈ സമർപ്പിതകളോടൊപ്പം യിഫ്താഹിന്റെ പുത്രിയും വേർതിരിക്കപ്പെട്ടു എന്നു നമുക്കു വിശ്വസിക്കാം. അവൻ നേർന്നിരുന്ന നേർച്ച പോലെ അവളോടു ചെയ്തു എന്നു രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അവളെ ഹോമയാഗമായി അർപ്പിച്ചു എന്നും അഭിപ്രായമുണ്ട്.

യിസ്രായേലിലെ കന്യകമാർ ആണ്ടുതോറും നാലു ദിവസം യിഫ്താഹിന്റെ മകളെക്കുറിച്ചു വിലപിക്കുകയല്ല, കീർത്തിക്കുകയാണു ചെയ്യുന്നത്. പിതാവിന്റെ നേർച്ച നിവർത്തിക്കുന്നതിൽ അവൾ കാണിച്ച ഭക്തിയും അനുസരണവും ആണ് അവർ പ്രകീർത്തിക്കുന്നത് എന്നു വേണം കരുതുവാൻ. ദൈവത്തെയും പിതാവിനെയും ഒരുപോലെ അനുസരിച്ച ഒരു മകളാണ് യിഫ്താഹിന്റെ മകൾ. അവളാണ് കൊത്തിയ മൂലത്തൂൺ. അതുകൊണ്ട് മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിക്കുവിൻ; അതു ന്യായമല്ലോ (എഫെ.6:1).

**ജോയമ്മ സാംസൺ, കൊല്ലം**

***"ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും" (1 പത്രൊസ് 4:13).***

# ഹൃദയശുദ്ധിയും പ്രതികരണവും

പ്രതികരിക്കരുതെന്ന് എത്ര കഠിനമായ ശപഥം ചെയ്താലും, ഹൃദയം നിറഞ്ഞു കവിയുന്നത് തക്ക സാഹചര്യമുണ്ടായാൽ പുറത്തേക്കു വരിക തന്നെ ചെയ്യും. 'ഹൃദയം നിറഞ്ഞു കവിയുന്നതല്ലോ വായ് പ്രസ്താവിക്കുന്നത്' എന്നും നാം വായിക്കുന്നുണ്ട്. ഉള്ളിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നതോ നിറഞ്ഞു കവിയുന്നതോ മാത്രമാണ് അനുകൂലമായ സാഹചര്യമുണ്ടാകുമ്പോൾ പുറത്തേക്കു വരുന്നത്. "ഉറവിന്റെ ഒരേ ദ്വാരത്തിൽ നിന്നു മധുരവും കയ്പുമുള്ള വെള്ളം പുറപ്പെട്ടു വരുമോ? സഹോദരന്മാരേ, അത്തിവൃക്ഷം ഒലിവു പഴവും മുന്തിരിവള്ളി അത്തിപ്പഴവും കായ്ക്കുമോ? ഉപ്പുറവിൽ നിന്നു മധുരമുള്ള വെള്ളം പുറപ്പെടുകയുമില്ല" (യാക്കോ. 3:11, 12).

ശൗലിന്റെ അന്തർഗ്ഗതം അറിയുവാൻ ദാവീദും യോനാഥാനും ആസൂത്രണം ചെയ്ത പദ്ധതി, അവനെ പ്രകോപിപ്പിക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കുക എന്നതായിരുന്നു. രാജാവിനൊപ്പം അമാവാസ്യ ദിവസങ്ങളിലെ വിരുന്നിന് പങ്കെടുക്കുവാൻ അനുവദിക്കപ്പെട്ടിരുന്ന വ്യക്തിയായിരുന്നു ദാവീദ്. മൂന്നു ദിവസമായിരുന്നു വിരുന്നുള്ളത്. അതിൽ രാജാവിനും രാജകുമാരനായ യോനാഥാനുമൊപ്പം അബ്നേരും ദാവീദും മാത്രമാണ് പങ്കെടുക്കേണ്ടിയിരുന്നത്. അതുകൊണ്ട് തന്നെ ദാവീദ് അതിൽ പങ്കെടുക്കാതിരിക്കുന്നത് ശ്രദ്ധിക്കപ്പെടുകയും രാജാവ് പ്രകോപിതനായിത്തീരുകയും ചെയ്യുമെന്നത് നിശ്ചയമായിരുന്നു. അങ്ങനെ പ്രകോപിതനായിത്തീരുന്ന ശൗലിന് തന്റെ ഹൃദയ നിരൂപണങ്ങളെ മറച്ചുവയ്ക്കാനോ സ്വയം നിയന്ത്രിക്കാനോ കഴിയാതെ, അത് കോപവാക്കുകളായി പുറത്തേക്കൊഴുകും. അതിനനുസരിച്ച് ദാവീദിന്റെ ഭാവി പദ്ധതികൾ ആസൂത്രണം ചെയ്യാമെന്നതായിരുന്നു അവരുടെ തീരുമാനം.

രാജാവിനൊപ്പം വിരുന്നിൽ പങ്കെടുക്കുവാൻ ലഭിക്കുന്ന അവസരം അത്യന്തം അഭിമാനകരമാണ്. രാജാവിനൊപ്പം വീഞ്ഞുവിരുന്നിന് ക്ഷണിക്കപ്പെട്ട ഹാമാന്റെ ആഹ്ലാദവും അഹങ്കാരവും നാം കാണുന്നുണ്ടല്ലോ. (എസ്ഥേ. 5:4,12). ലൗകികമായി അത്യുന്നതവും വിലമതിക്കാനാവാത്തതുമായ ആ പദവിയാണ് രാജാവിന്റെ മനസ്സറിയേണ്ടതിനായി ദാവീദ് തൽക്കാലം ഉപേക്ഷിച്ചത്.

വിരുന്നിന്റെ ആദ്യദിവസം തന്നെ ദാവീദിന്റെ അസാന്നിധ്യം ശ്രദ്ധിക്കപ്പെട്ടെങ്കിലും ശൗൽ അത് ഗൗനിച്ചില്ല. എന്നാൽ രണ്ടാം ദിവസവും ദാവീദിന്റെ ഇരിപ്പിടം ഒഴിഞ്ഞു കണ്ടപ്പോൾ ശൗൽ അതിന്റെ കാരണം അന്വേഷിച്ചത് യോനാഥാനോടാണ്. ദാവീദിനെക്കുറിച്ച് യോനാഥാന് കൃത്യമായ ധാരണയുണ്ടെന്ന് ശൗലിന് അറിയാമായിരുന്നു. അതുകൊണ്ടുതന്നെ, യോനാഥാന്റെ മറുപടിയിൽ പ്രകോപിതനായ ശൗൽ യോനാഥാന്റെ നേർക്കു കുന്തമെറിഞ്ഞു. ദാവീദ് ജീവിച്ചിരിക്കുന്നിടത്തോളം നീയും നിന്റെ രാജത്വവും നിലനില്ക്കില്ലെന്നു പറഞ്ഞായിരുന്നു ശൗൽ ആക്രോശിച്ചത്. ശൗലിന്റെ പ്രതികരണത്തിലൂടെ യോനാഥാൻ അവന്റെ ഹൃദയനിരൂപണം വായിച്ചെടുത്തു. ദാവീദിനെ അറിയിക്കുവാനുള്ള കൃത്യമായ സന്ദേശവും അവനു ലഭിച്ചു.

ഹൃദയം നിറഞ്ഞു കവിയുന്നത് പുറം ലോകമറിയുന്നത് ഇത്തരം സന്ദർഭങ്ങളിലാണ്. അതുകൊണ്ട് നാവും വായും നിയന്ത്രിക്കുവാൻ ശ്രമിക്കുന്നതിനു മുമ്പ് സംരക്ഷിക്കപ്പെടേണ്ടത് ഹൃദയമാണ്. നല്ല ആഗ്രഹങ്ങളും ചിന്തകളും കാഴ്ചപ്പാടുകളുമാണ് നമുക്കുള്ളതെങ്കിൽ ഇത്തരം പ്രകോപനപരമായ സാഹചര്യങ്ങളെ സൗമ്യതയോടും സാവധാനതയോടും കൂടെ നേരിടുവാനും അതിജീവിക്കുവാനും കഴിയും. ഹൃദയശുദ്ധിയാണ് നമ്മുടെ ജീവിതത്തെ അലങ്കരിക്കേണ്ടത്. തിരുവചനവും ആത്മീയ ചിന്തകളുമാണ് ഹൃദയത്തിൽ സംഗ്രഹിച്ചു വയ്ക്കേണ്ടത്.

കുപ്പയിൽ നിന്നുയർത്തി പ്രഭുക്കന്മാരോടു കൂടെ ദൈവസന്നിധിയിൽ ഇരുത്തപ്പെട്ട നമ്മുടെ ഇരിപ്പിടം ഒഴിഞ്ഞു കിടക്കുന്നത് യോഗ്യമല്ല. നല്കപ്പെട്ട പദവിയെക്കുറിച്ചും അതിന്റെ ഔന്നത്യത്തെക്കുറിച്ചും ബോധ്യമില്ലാത്തവരായിരിക്കാതെ ഉയരത്തിലുള്ളത് ചിന്തിച്ചും ദൈവസന്നിധിയിലിരുന്ന് ആത്മീയ ചിന്തകളാൽ ഹൃദയങ്ങളെ നിറച്ചും ശുദ്ധീകരിച്ചും ജീവിക്കാം. ദൈവം കൃപ നല്കട്ടെ.

**ജെസ്സി ബെൻസെൻ, കൊച്ചി**

*എങ്കിലും എനിക്കു ലാഭമായിരുന്നതു ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു.*

*അത്രയുമല്ല, എന്റെ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നു എണ്ണുന്നു. (ഫിലി.3:7-8)*

# വിടുവിക്കപ്പെട്ടവൾ

ഈ ലോകജീവിതത്തിൽ നാം പലതരത്തിലുള്ള വിടുതൽ ആഗ്രഹിക്കുന്നവരാണ് (രോഗം, സാമ്പത്തിക പ്രശ്നങ്ങൾ നിരവധി ഭാരം ഏറിയ വിഷയങ്ങൾ...) എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി പാപപ്രവൃത്തികളിൽ ജീവിച്ച് പാപികളോട് കൂടി നശിക്കാതിരിക്കുവാനായി യഥാർത്ഥമായ വിടുതൽ പ്രാപിക്കുവാൻ ആഗ്രഹിച്ച് പ്രവർത്തിച്ച ഒരു സ്ത്രീയെപ്പറ്റി യോശുവ രണ്ടാം അദ്ധ്യായത്തെ ആസ്പദമാക്കി ചിന്തിക്കാം.

മിസ്രയീമ്യ അടിമത്തത്തിൽ നിന്നും വിടുതൽ ലഭിച്ച ഇസ്രായേൽ മക്കൾ തങ്ങളുടെ കനാൻ ദേശത്തേക്കുള്ള യാത്രയിൽ ദൈവത്തോട് മത്സരിച്ചതിന്റെ ഫലമായി ദൈവത്തിന്റെ നീരസം ഹേതുവായി 40 വർഷം മരുഭൂമിയിൽ അലഞ്ഞ് പല പ്രതിസന്ധികളും അഭിമുഖീകരിച്ചുവെങ്കിലും അവിടെയെല്ലാം ദൈവം അവരെ വിടുവിച്ച് കനാൻ ദേശത്തോട് അടുക്കാറായപ്പോൾ നൂന്റെ മകനായ യോശുവ ദേശവും യെരിഹോ പട്ടണവും രഹസ്യമായി ഒറ്റു നോക്കേണ്ടതിനായി ശീത്തിമിൽ നിന്നും രണ്ടു പേരേ അയയ്ക്കുമ്പോൾ അവിടെ നടക്കുന്ന വിടുതലിന്റെ അനുഭവമാണ് ഇവിടെ വ്യക്തമാക്കുന്നത്.

യെരിഹോ പട്ടണം രണ്ട് കോട്ടമതിലിനാൽ ചുറ്റപ്പെട്ടതായിരുന്നു. ഇത് വളരെ ബലവത്തായതായിരുന്നു. ഏകദേശം 12 മുതൽ 15 അടി വരെ വീതിയുള്ളതായിരുന്നു. അതിലൂടെ പാലം കണക്കെ തടികൾ നിരത്തി അതിനു മുകളിലായി ഇഷ്ടികകൾ കൊണ്ട് ചെറിയ വീടുകൾ പണിത് ജനങ്ങൾ അതിൽ താമസിച്ചിരുന്നു. അതിലൊരു ഭവനത്തിലേക്കാണ് ദേശം ഒറ്റുനോക്കുവാൻ വന്നതായ യോദ്ധാക്കൾക്ക് അഭയസ്ഥാനമായി തീർന്നത്. ഇത് വളരെ മ്ലേച്ഛകരമായ ജീവിതം നയിച്ചിരുന്ന ഒരു സ്ത്രീയുടെ ഭവനമായിരുന്നുവെന്നത് അവളുടെ പേരിനോട് ചേർന്നുള്ള വിശേഷണത്താൽ വ്യക്തമാണ്. (യോശുവ. 2:1, എബ്രാ. 11:31)

രാഹാബ് എന്ന വേശ്യ വളരെ ആൾ സ്വാധീനമുള്ളവളായിരുന്നു. യെരിഹോ മതിലിന്റെ ഉന്നതങ്ങളിൽ പാർക്കുന്നവൾ, ജനത്തിന്റെ ശ്രദ്ധയാകർഷിച്ചു ജീവിച്ചിരുന്നവൾ, കൂടാതെ വിഗ്രഹങ്ങളെ ആരാധിച്ചിരുന്നവളുമായിരുന്നു. ഈ വീടിന്റെ കിളിവാതിൽ (ജനൽ) പുറത്തെ മതിലിലായി സ്ഥിതി ചെയ്തിരുന്നു. ഇവിടേക്കു ചെല്ലുന്ന

ഈ യോദ്ധാക്കളെ തികച്ചും വ്യത്യസ്തമായ മനോഭാവത്തോടെയാണ് കൈക്കൊണ്ടത് എന്ന് എബ്രാ. 11:31-ൽ കാണുന്നു. “വിശ്വാസത്താൽ രാഹാബ് എന്ന വേശ്യ ഒറ്റുകാരെ സമാധാനത്തോടെ കൈക്കൊണ്ടു അവിശ്വാസികളോട് കൂടെ നശിക്കാതിരുന്നു''. അതെ അവൾ അവിശ്വാസികളോട് കൂടി നശിക്കാതിരുന്നു. (വിടുതൽ പ്രാപിച്ചു) ''വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്” (റോമർ 5:1 ). “അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല” (റോമ. 8:1). അതെ വിശ്വാസത്താൽ അവളുടെ ശിക്ഷാവിധി നീങ്ങിപ്പോയി. (1 യോഹ. 1:7) അവന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ മാത്രമേ ഒരു വ്യക്തിക്ക് രക്ഷിക്കപ്പെടുവാൻ സാധിക്കുകയുള്ളൂ. “മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്ക പ്പെടുവാൻ ആകാശത്തിൽ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല”(അപ്പൊ. പ്ര.4:12).

ഇപ്രകാരമുള്ള വിശ്വാസം ഈ സ്ത്രീയിൽ ഉണ്ടാകുവാൻ കാരണം അവളുടെ വാക്കുകളിൽ വ്യക്തമാണ്. (യോശുവ 2:9-11) ഇസ്രായേൽ മക്കളുടെ യാത്രയിൽ ദൈവം ചെയ്തതായ അത്ഭുതങ്ങൾ വിവരിക്കുന്നതിലുപരിയായി 11-ാം വാക്യം “നിങ്ങളുടെ ദൈവമായ യഹോവ തന്നെ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും ദൈവമാകുന്നു.” വിജാതീയ സ്ത്രീയിൽ നിന്നും എത്ര അനുഗ്രഹി ക്കപ്പെട്ട സാക്ഷ്യം. ആകയാൽ റോമ. 10:9 യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ടു ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ പാപിയായ വ്യക്തിയും രക്ഷിക്കപ്പെടും. യോഹ 1:12.

ഇത്തരത്തിലുള്ള ഉറച്ച തീരുമാനത്തോടെ ഒറ്റുകാരെ സമാധാനത്തോടെ സ്വീകരിച്ച സ്ത്രീയുടെ തുടർന്നുള്ള പ്രവൃത്തികൾ ശ്രദ്ധേയമാണ്.

1. യഥാർത്ഥ ദൈവത്തിന്റെ പ്രവൃത്തിയിൽ വിശ്വസിച്ചു
2. രാജ്യദ്രോഹ കുറ്റമാണെങ്കിലും രാജാവിന്റെ കല്പന ഭയപ്പെടാതെ ദൈവദാസന്മാരെ (ഒറ്റുകാരെ) സംരക്ഷിക്കുന്ന ചുമതല ത്യാഗപരമായി ഏറ്റെടുത്തു. യോശുവ 2:2-3
3. ഒറ്റുകാരെ പ്രതിസന്ധിയിൽ ധൈര്യപ്പെടുത്തി, വിവേകത്തോടുകൂടി പ്രവർത്തിച്ച് നല്ല നിർദ്ദേശങ്ങൾ നല്കി അവരെ രക്ഷിച്ചു.
4. അവരുമായി സഖ്യത ചെയ്തു. (യോശുവ 2:12-14) “ഞാൻ നിങ്ങ

ളോട് ദയ ചെയ്ക കൊണ്ട് നിങ്ങളും എന്റെ അപ്പനെയും അമ്മ യെയും സഹോദരന്മാരെയും സഹോദരിമാരെയും അവർക്കുള്ള സകലത്തെയും ജീവനോടെ രക്ഷിച്ച് ഞങ്ങളുടെ ജീവനെ മരണ ത്തിൽ നിന്ന് വിടുവിക്കുമെന്ന് യഹോവയെ ചൊല്ലി എന്നോട് സത്യം ചെയ്കയും ഉറപ്പുള്ള ഒരു ലക്ഷ്യം തരികയും വേണം". എന്ന് പറഞ്ഞ് അവരുമായി ഉടമ്പടി ചെയ്തു.

ഇതാ വിശ്വാസത്താൽ പുതുക്കപ്പെട്ട് പുതിയ സൃഷ്ടിയായി. പുതിയ അനുഭവത്തിലേക്ക് വന്നപ്പോൾ തന്നെ തങ്ങളുടെ പ്രിയപ്പെട്ടവരെ കുറിച്ച് ആത്മഭാരമുള്ള അവരുടെ വിടുതലിനും രക്ഷയ്ക്കുമായി പക്ഷവാദം ചെയ്യുന്നതിൽ രാഹാബിനെ നമുക്ക് മാതൃകയാക്കാം. പാപത്തിൽ നശിച്ചു പോകുന്നവരുടെ വിടുതലിനായി നമുക്ക് കരയാം; പ്രാർത്ഥിക്കാം; പ്രയത്നിക്കാം; അതിനായി ദൈവം നമ്മെ ബലപ്പെടുത്തുമാറാകട്ടെ. തീരുമാനമെടുക്കാം ദൈവം സഹായിക്കുമാറാകട്ടെ.

അവർ അവളോട് ഞങ്ങൾ ഈ ദേശത്ത് വരുമ്പോൾ നീ ഞങ്ങളെ ഇറക്കിവിട്ട ഈ കിളിവാതിലിൽ ഈ ചുവപ്പു ചരടു കെട്ടുകയും നിനക്കുള്ള സകലരെയും നിന്റെ ഈ വീടിനുള്ളിലാക്കുകയും ചെയ്താൽ അവരെ ജീവനോടെ രക്ഷിക്കാം എന്നും അല്ലാതെ ആരെങ്കിലും വീടിനു വെളിയിലായാൽ അവർ ഈ സത്യത്തിൽ നിന്നും ഒഴിവുള്ളവരായിരിക്കും എന്ന് അറിയിച്ചു. അവരുടെ രക്തം അവരുടെ തലമേൽ ഇരിക്കും എന്നറിയിച്ചു.

ഈ വിധത്തിൽ ദൈവഹിതത്തിനനുസരണമായി പ്രവർത്തിച്ചതിന്റെ ഫലമായി ഈ സ്ത്രീയുടെ ജീവിതത്തിലുണ്ടായ അനുഗ്രഹങ്ങൾ.

1. അവളുടെ അനവധിയാകുന്ന പാപങ്ങൾ മോചിക്കപ്പെട്ടു, പുതിയ സൃഷ്ടിയായി തീർന്നു 2 കൊരി. 5:17
2. അവളുടെ ബന്ധുക്കളും പിതൃഭവനവും പട്ടണത്തോടുകൂടി നശിച്ചു പോകാതെ ജീവനോടെ രക്ഷിപ്പാനിടയായി. യോശു. 6:22–25.
3. അവർക്ക് തലമുറയായി യിസ്രായേലിൽ പാർക്കുവാൻ അനുവാദം ലഭിച്ചു. യോശുവ. 6:25
4. യേശുക്രിസ്തുവിന്റെ വംശാവലി പട്ടികയിൽ ഈ സ്ത്രീയുടെ (രാഹാബിന്റെ) പേർ വരുവാൻ ഇടയായി മത്താ. 1:5
5. വിശ്വാസവീരന്മാരുടെ പട്ടികയിൽ സ്ഥാനം പിടിച്ചു. എബ്രാ. 11:35.

നാശകരമായ മരണശിക്ഷയിൽ ആയിത്തീരേണ്ട ഈ വ്യക്തിക്ക് ദൈവത്തിലുള്ള വിശ്വാസത്താലുള്ള മാറ്റം എത്ര മഹത്ത്വകരമാണ്. ആകയാൽ ഈ വാക്കുകളെ മനസ്സിലാക്കുന്ന ആരെങ്കിലും തങ്ങളുടെ

*ശേഷം പേജ് 36 കാണുക*

# മനസ്സു പുതുക്കി രൂപാന്തരപ്പെടുക

ദൈവമക്കൾ ഈ ലോകത്തിനോടനുരൂപരാകാൻ പാടില്ല. ദിനം തോറും മനസ്സു പുതുക്കി രൂപാന്തരപ്പെട്ടു വേണം ജീവിക്കുവാൻ. അതിനുള്ള ചില ന്യായപ്രമാണങ്ങൾ തിരുവചനത്തിൽ നല്കിയിട്ടുണ്ട്. കൃപയാലെ വിശ്വാസം മൂലം ദൈവമക്കളായി വീണ്ടും ജനിച്ചവർ മാനസാന്തരം പ്രാപിച്ചവരാകുന്നു. തുടർന്നുള്ള ജീവിതം ദൈവഹിത പ്രകാരം മാത്രം ആയിരിക്കണം എന്ന് പിതാവ് നല്കുന്ന ചില നിർദ്ദേശങ്ങൾ തിരുവചനത്തിലുള്ളതു ശ്രദ്ധിച്ചു പഠിച്ചു പാലിക്കുവാൻ നാം ബാദ്ധ്യസ്ഥരാകുന്നു. റോമാ ലേഖനം 12-ാം അധ്യായം അതാകുന്നു നമ്മെ പ്രബോധിപ്പിക്കുന്നത്.

ആദ്യമായി തങ്ങളുടെ ശരീരങ്ങളെ ജീവനും, വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി അർപ്പിക്കുക. ഇത് ദിനംതോറും ചെയ്യേണ്ടതാകുന്നു. എങ്കിൽ മാത്രമേ മനസ്സ് പുതുക്കി രൂപാന്തരപ്പെടുവാൻ സാധിക്കയുള്ളൂ. മനസ്സു പുതുക്കി രൂപാന്തരം പ്രാപിക്കാതെ ഈ ലോകത്തോടനുരൂപരാകാതിരിക്കാൻ സാധ്യമല്ല. ദൈവമക്കൾ ഈ ലോകത്തിൽ ജീവിക്കുമ്പോൾ ലോക മനുഷ്യരെപ്പോലെ ജീവിക്കുവാൻ ദൈവം അനുവദിച്ചിട്ടില്ല. തീയതിനെ വെറുത്ത് നല്ലതിനോടു പറ്റിച്ചേർന്നു ജീവിക്കുവാൻ സാധിക്കണമെങ്കിൽ മനസ്സ് പുതുക്കി പുതുക്കി രൂപാന്തരപ്പെട്ടുകൊണ്ടേ ഇരിക്കേണ്ടി യിരിക്കുന്നു. ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ള വരായി കർത്താവിനെ സേവിക്കുന്ന ദൈവമക്കൾ അനുഷ്ഠിക്കേണ്ട മൂന്നു പ്രധാന നിയമങ്ങൾ നോക്കാം. (റോമർ. 12:12-13)

### ആശയിൽ സന്തോഷിപ്പിക്കുക (Be Joyful in Hope)

ദൈവമക്കൾ ഭാഗ്യകരമായ പ്രത്യാശയുള്ളവരാകുന്നു. "നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും, മഹാദൈവവും, നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസിന്റെ പ്രത്യക്ഷത ക്കായിട്ടും കാത്തുകൊണ്ട് ഭക്തികേടും പ്രപഞ്ച മോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടുംകൂടെ ജീവിച്ചു പോരേണ്ടതിന്" കർശനമായ ശിക്ഷ ണങ്ങൾ പിതാവ് നല്കിക്കൊണ്ടിരിക്കുന്നതു പാലിക്കുമ്പോൾ ലഭി ക്കുന്ന സന്തോഷമാകുന്നു ആശയിൽ സന്തോഷിക്കുക എന്നത്

(തീത്തോ. 2:12) ദൈവമക്കൾ കർത്താവിൽ എപ്പോഴും സന്തോഷി ക്കുന്നവരായിരിക്കുന്നതിന്റെ രഹസ്യം അതുതന്നെയാകുന്നു. അവരുടെ പ്രത്യാശ നിത്യതയേക്കുറിച്ചാകുന്നു.

**കഷ്ടതയിൽ സഹിഷ്ണുത കാണിക്കുവിൻ**

ദൈവമക്കൾക്ക് ഈ ലോകത്തിൽ കഷ്ടമുണ്ട് എന്ന് ക്രിസ്തു പറഞ്ഞിരിക്കുന്നു. "എങ്കിലും ധൈര്യപ്പെടുവിൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്ന് അരുളി ചെയ്ത കർത്താവ് നമ്മോട് കൂടെയുള്ളതുകൊണ്ട് ദൈവമക്കൾ കഷ്ടതയിൽ സഹിഷ്ണുതയുള്ള ജയജീവിതം നയിക്കുന്നു. "ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കുവാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവമുണ്ടാകും" (2 തിമോ 3:12) എന്ന മുന്നറിയിപ്പുള്ളതുകൊണ്ട് ദൈവമക്കൾ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞ് അത് അശ്ശേഷം സന്തോഷം എന്നെണ്ണി സഹിഷ്ണുതയോടെ ജീവിക്കുന്നു. പ്രത്യാശയോടെ ജീവിക്കുന്നു.

**പ്രാർത്ഥനയിൽ ഉറ്റിരിക്കുവിൻ**

ക്രിസ്തുയേശുവിന്റെ തേജസ്സേറിയ പ്രത്യക്ഷതയ്ക്കായി കാത്തിരിക്കുന്ന ദൈവമക്കൾ ഈ ലോകത്തിലെ ഉപദ്രവങ്ങളും കഷ്ടതകളും സാരമില്ല എന്നെണ്ണി കർത്താവിൽ എപ്പോഴും സന്തോഷിക്കുന്നവരായിരിക്കുന്നത് അവർ ഇടവിടാതെ പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നവരാകുന്നു എന്നതാകുന്നു. പ്രാർത്ഥന എന്താകുന്നു എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. കേവലം യാചനയല്ല പ്രാർത്ഥന. ദൈവവുമായുള്ള നിരന്തര കൂട്ടായ്മ ആകുന്നു പ്രാർത്ഥന. കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താലെ ദൈവഭവനത്തിൽ ദൈവമക്ക ളായി വീണ്ടുംജനിച്ച ദൈവമക്കൾ പിതാവുമായി നിരന്തരം കൂട്ടായ് മയിൽ ആയിരിക്കണമെന്ന് ദൈവത്തിനു നിർബ്ബന്ധമുണ്ട്. പ്രാർത്ഥന ഒരു യാഗം ആകുന്നു. കർത്താവായ യേശുക്രിസ്തുവിലൂടെ പരിശു ദ്ധാത്മ സഹായത്താൽ പിതാവായ ദൈവത്തിന് നമ്മേത്തന്നെ യാഗ മായി അർപ്പിക്കുമ്പോൾ പിതാവ് പ്രസാദിക്കുന്നു. നമുക്ക് ലഭിച്ച ദൈവകൃപ ഓർക്കുമ്പോൾ നാം ദൈവത്തിനു നമ്മുടെ അധരഫലമാ കുന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുന്നതാകുന്നു പ്രാർത്ഥന അഥവാ സ്തുതിസ്തോത്ര യാഗം അർപ്പിക്കാതെ നമ്മുടെ ആവശ്യങ്ങൾ എങ്ങനെ സ്തോത്രത്തോടെ ദൈവത്തെ അറിയിക്കും" (ഫിലി. 4:6). "വിശുദ്ധന്മാരുടെ പ്രാർത്ഥന ഒരു ധൂപവർഗ്ഗമായി ദൈവ സന്നിധിയിൽ എത്തുന്നത് സൗരഭ്യവാസനയായ യാഗമായിട്ടാകുന്നു (വെളി. 8:3-4). പ്രാർത്ഥനയ്ക്കായി നാം ദൈവ തിരുനിവാസത്തിൽ മുട്ടുകുത്തുമ്പോൾ നമ്മുടെ ഹൃദയങ്ങൾ ശുദ്ധമായിരിക്കണം. ഹൃദയത്തിൽ എന്തെങ്കിലും

അകൃത്യങ്ങൾ മറച്ചുവെച്ചും കൊണ്ട് പ്രാർത്ഥിച്ചാൽ ദൈവം പ്രസാദിക്കില്ല" (സങ്കീർത്തനം 66:18). അതുകൊണ്ട് പ്രാർത്ഥന ഒരു യാഗമായി അർപ്പിക്കുമ്പോൾ അത് സ്തുതി സ്തോത്രയാഗത്തോടെ ആയിരിക്കണം. മാത്രമല്ല, "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നേ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ട് തിരിയുമെങ്കിൽ അവരുടെ പാപം ക്ഷമിച്ച് ഉത്തരമരുളും" (2 ദിന. 7:14) ഇത് ദൈവകല്പന ആകുന്നു.

പ്രിയമുള്ളവരെ ദൈവമക്കൾ ഇടവിടാതെ പ്രാർത്ഥിക്കണം എന്ന് പറയുന്നതിന്റെ ഉദ്ദേശ്യം ഇടവിടാതെ വിശുദ്ധിയോടെ പാപങ്ങൾ ഏറ്റുപറഞ്ഞ്, ശുദ്ധീകരണം പ്രാപിച്ച്, ദൈവം ചെയ്ത ഉപകാരങ്ങൾക്ക് നന്ദി പറഞ്ഞ്, അധരഫലമാകുന്ന സ്തുതി സ്തോത്രയാഗങ്ങൾ അർപ്പിച്ച് നമ്മുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ പിതാവിനോട് അറിയിക്കുമ്പോൾ നമുക്ക് ലഭിക്കുന്നത് സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനമാകുന്നു എന്നോർക്കുക. നാം കർത്തൃപാദങ്ങളിൽ അർപ്പിക്കുന്ന പ്രാർത്ഥനകൾക്കും യാചനകൾക്കും ലഭിക്കുന്ന മറുപടി നമ്മുടെ ഹിതപ്രകാരം ആയിരിക്കുകയില്ല. ദൈവഹിതപ്രകാരം മാത്രമേ ലഭിക്കുകയുള്ളൂ എന്നോർക്കുക. അതുകൊണ്ട് നാം പ്രാർത്ഥിക്കുമ്പോൾ ദൈവഹിതപ്രകാരം മാത്രം പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കുക. "എന്റെ കൃപ നിനക്കു മതി" എന്ന ഉത്തരമായിരിക്കും ലഭിക്കുന്നതെങ്കിൽ അതിൽ തൃപ്തിപ്പെടുക. "നീ കാത്തിരിക്കുക" എന്ന മറുപടിയാണ് പിതാവ് നല്കുന്നതെങ്കിൽ ക്ഷമയോടെ കാത്തിരിക്കുക "മതി ഇനി നീ ഈ കാര്യം ചോദിക്കേണ്ട" എന്നാകുന്നു ഉത്തരമെങ്കിൽ നാം പ്രാർത്ഥിച്ചത് ദൈവഹിതമായിരുന്നില്ല എന്ന് ആശ്വസിക്കുക. എന്തുതന്നെ ആയിരുന്നാലും നമ്മുടെ പ്രാർത്ഥന തിരുഹിതപ്രകാരം മാത്രം ആയിരിക്കട്ടെ.

പ്രിയമുള്ളവരെ നാം ദൈവമക്കൾ ആയിത്തീർന്നത് ദൈവകൃപയാൽ മാത്രമാകുന്നു എന്നോർക്കുക. അതും ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ മാത്രം നമുക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. ദൈവത്തിന്റെ ദാനം മാത്രം! എഫെ. 2:8 അതുകൊണ്ട് ദൈവഹിതപ്രകാരം തിരുവചനം പ്രമാണിച്ചും ദൈവത്തെ പ്രസാദിപ്പിച്ചും ദിനംതോറും ജീവിച്ച് നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടി വിരുതു പ്രാപിക്കുവാൻ ഉത്സാഹിക്കുക. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ മാത്രം നോക്കി ഓടുവാൻ ഈ ചിന്തകൾ നമ്മെ സഹായിക്കട്ടെ.

**എൽസി ബേബി, ന്യൂയോർക്ക്**

# ഇൻഷാ അള്ളാ

“ആപ്കാ സൂചനാ കേലിയേ ബാഹർകാ

താപമാൻ പച്ചാസ് ഡിഗ്രി”

അറബിയിലും ഇംഗ്ലീഷിലും ഒടുവിൽ ഹിന്ദിയിലും വന്ന അറിയിപ്പ് കേട്ട ഞാൻ പറഞ്ഞുപോയി ‘തമ്പുരാനേ’. 3 മണിക്കൂർ യാത്ര ചെയ്തശേഷം വിമാനം റിയാദിൽ ഇറങ്ങിക്കഴിഞ്ഞു. ഇമിഗ്രേഷൻ കസ്റ്റംസ് നടപടികൾക്കു ശേഷം പുറത്തുവരാൻ വൈകിയിരുന്നു. 4 മാസത്തിനു ശേഷം രണ്ടാമത്തെ പ്രാവശ്യവും സൗദി ഗവൺമെന്റിന്റെ ക്ഷണപ്രകാരം ഞാൻ അവരുടെ അതിഥിയായി ചെല്ലുകയാണ്. ഇക്കുറി അവിടെയുള്ള ’റിയാദ് സെന്റർ ഫോർ സെക്യൂരിറ്റി ആന്റ് ട്രെയിനിംഗ് സ്ഥാപനത്തിൽ നടക്കുന്ന സിംപോസിയത്തിൽ ഒരു പ്രബന്ധം അവതരിപ്പിക്കുന്നതിനും അതു സംബന്ധമായ 3 വർക്ക്ഷോപ്പിന് നേതൃത്ത്വം കൊടുക്കുകയുമാണ് എന്നെക്കൊണ്ടവർ ഉദ്ദേശിച്ചിരുന്നത്. എന്റെ പ്രബന്ധം ഒരു മാസം മുമ്പേ ഞാൻ അയച്ചുകൊടുത്തിരുന്നു. അത് കോപ്പി ചെയ്ത് സിംപോസിയത്തിൽ സംബന്ധിക്കുവാനുള്ള എല്ലാവർക്കും അവർ അയച്ചിരുന്നു. അതു വായിച്ചവരുടെ പ്രതികര ങ്ങളെല്ലാം സിംപോസിയം നടക്കുന്നതിനു മുമ്പ് തന്നെ അവർ എന്നെ ഏല്പിച്ചു. വിശദീകരണവും വിശകലനവും പലതിനും ഡലിഗേറ്റുകൾ ആവശ്യപ്പെട്ടിരുന്നു. എന്നാലും പ്രബന്ധം അച്ചടിച്ച് പുസ്തകത്തിൽ അവർ ചേർത്തു കഴിഞ്ഞു. ഇംഗ്ലീഷിലും അറബിയിലും. ഇൻഡ്യയിലെ ചുറ്റുപാടുകളിൽ നിന്നും വളരെ വിഭിന്നമായി കുറ്റകൃത്യങ്ങളെ സമീപി ക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന രാജ്യമായിരുന്നതിനാൽ വളരെ കരുതലോടെ തന്നെ ചോദ്യോത്തര മണിക്കൂർ കൈകാര്യം ചെയ്യേണ്ടിവന്നു. സിംപോസിയ ദിവസങ്ങളിൽ പല അറബിരാജ്യങ്ങളി ലെയും പോലീസ് ജയിൽ വകുപ്പ് മേധാവികളുമായും ഇടപഴകുവാനും സുഹൃദ്ബന്ധം സ്ഥാപി ക്കുവാനും ഇടയായി. വർ ദ്ധിച്ചു വരുന്ന കുറ്റകൃത്യ ങ്ങൾ ഏവർക്കും പരിഹരി ക്കുവാൻ കഴിയാത്ത കീറാ മുട്ടിയായി തീർന്നിരിക്കുന്നു എന്നത് അവരുടെ മുഖത്ത് സ്പഷ്ട മായിരുന്നു.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ**
**“തടവുകാരെ തേടി”**
**എന്ന പുസ്തകത്തിൽ നിന്നും**

പ്രിസൺ മിനിസ്ട്രിയിലെ എന്റെ 14 വർഷത്തെ അനുഭവങ്ങൾ നിരവധിയാണ്. ജയവും പരാജയവും, നേട്ടവും കോട്ടവും, ശരിയും തെറ്റും. അങ്കുശമില്ലാതെ തുടരുന്നു ഇന്നും. ഇസ്ലാം മതസ്ഥരായ ഉദ്യോഗസ്ഥന്മാരെല്ലാം ഓരോ കാര്യങ്ങൾ പറഞ്ഞിട്ട് ഒടുവിൽ ഇൻഷാ അള്ളാ' എന്ന് പറയുന്നുണ്ടായിരുന്നു. "തമ്പുരാൻ അനുവദിച്ചാൽ" എന്നാണതിന്റെ അർത്ഥം. വളരെ ഉയർന്ന ഉദ്യോഗസ്ഥന്മാരും പറയുന്നതു കേട്ടു. തീരുമാനങ്ങളെല്ലാം ''ഇൻഷാ അള്ളാ'' അടിസ്ഥാനത്തിലാണെങ്കിൽ എത്ര നന്നായിരുന്നു ഇവിടെയും എവിടെയും എന്നു ഞാൻ ഓർത്തു.

നവീകരിക്കപ്പെട്ട ക്രിസ്തു വിശ്വാസികൾ മുമ്പ് ഈ പ്രയോഗം ഏതു കാര്യത്തിലും ഉപയോഗിക്കുമായിരുന്നു. മക്കളുടെ വിവാഹം, വിദ്യാഭ്യാസം, ക്രയവിക്രയങ്ങൾ എന്നിവയെക്കുറിച്ചുള്ള എല്ലാ ആലോചനകളിലും 'ദൈവേഷ്ടമായാൽ' എന്ന് പറയുമായിരുന്നു. എന്തിന് കൺവൻഷൻ നോട്ടീസുകളിലും ഈ പദപ്രയോഗം സ്ഥാനം പിടിച്ചിരുന്നു. എന്നാൽ ഇന്ന് മക്കളുടെ വിവാഹകാര്യം വന്നാൽ, വരന്റെ ജോലി വിദേശത്താണെങ്കിൽ അത് ഓട്ടോമാറ്റിക്കായി ദൈവേഷ്ടമാവുകയാണ് പതിവ്. പ്രൊഫഷണൽ കോളജുകളിൽ മക്കൾക്ക് പ്രവേശനം കിട്ടിയത് വലിയ തുക കോഴയായി കൊടുത്തിട്ടാണെങ്കിലും ദൈവം കരുതിയതല്ലാതെ എന്താണ്. ഉദ്യോഗലബ്ധിക്കും വിസയ്ക്കും ചോദിക്കുന്ന തുക കോഴ കൊടുത്തിട്ടും ദൈവേഷ്ടമാണിത് എന്ന് ഉപസംഹരിക്കുകയാണ്. ക്രയവിക്രയങ്ങളിൽ കാണിക്കാവുന്നിടത്തോളം തിരിമറികൾ നടത്തിയതും ദൈവേഷ്ടത്തിന്റെ പരിധിയിലാണെന്ന് വിശ്വസിക്കുന്നു. ഒരിക്കൽ ഒരു വേദപുസ്തക ജീവനക്കാരനെ തീവണ്ടിയിൽ വച്ച് കണ്ടുമുട്ടുവാനിടയായി. യാത്രാതിരക്കുള്ള സീസണായിരുന്നു അത്. സംസാരമദ്ധ്യേ ഞങ്ങൾ പെട്ടെന്ന് തീർച്ചപ്പെടുത്തിയതാണിതെന്നും പ്രത്യേക 'നടത്തിപ്പി' ലാണ് പോകുന്നതെന്നും പറഞ്ഞു. എങ്ങനെ റിസർവേഷൻ കിട്ടി എന്ന് ചോദിച്ചപ്പോൾ പറഞ്ഞ മറുപടി വളരെ രസകരമായിരുന്നു. "ദൈവം തക്കസമയത്ത് കരുതി. വെയിറ്റിംഗ് ലിസ്റ്റിൽ വളരെ നമ്പരുകൾ ഉണ്ടായിരുന്നു. ഞാൻ കൗണ്ടറിൽ നിന്നും നേരിട്ട് ടിക്കറ്റ് വാങ്ങിച്ച് വണ്ടി വന്നയുടനെ കണ്ടക്ടറെ കണ്ടു. ഒരു ചെറിയ കൂട്ടായ്മ അയാൾക്ക് കൈയിൽ വച്ചുകൊടുത്തു. ഏതായാലും വെയിറ്റിംഗ് ലിസ്റ്റുകാരെ എല്ലാം തഴഞ്ഞിട്ട് എനിക്കു ബർത്ത് തന്നു. സ്തോത്രം. എന്റെ യാത്ര ദൈവേഷ്ടത്താലാണെന്ന് എനിക്കുറപ്പായി". നോക്കണേ ഇദ്ദേഹം ദൈവഹിതത്തെ എവിടെക്കൊണ്ടെത്തിച്ചുവെന്ന്. സ്ത്രീധന സമ്പ്രദായം ഔദ്യോഗികമായി നിലവിലുള്ളപ്പോഴുണ്ടായ ഒരു സംഭവം കൂടി ചേർക്കട്ടെ. നാലക്കശമ്പളമുള്ള വരന്റെ അപ്പനും വധുവിന്റെ അപ്പനും തമ്മിൽ ആലോചിച്ചു പറഞ്ഞു കല്യാണം

ഒത്തുതീർപ്പിലെത്തുവാൻ 2 ദിവസമുള്ളപ്പോഴത്രേ പണത്തിന്റെ കാര്യത്തിലൊരു ചെറിയ ആശയക്കുഴപ്പം ഉണ്ടായത്. 50,000 കിട്ടിയാലേ നടത്തുകയുള്ളൂവെന്നും 30,000 മാത്രമേ തരികയുള്ളൂ എന്നും വാദവും പ്രതിവാദവുമുണ്ടായി. വരന്റെ പിതാവ് ഒടുവിൽ പറയുകയാണ് "50 കിട്ടിയാൽ മാത്രം നടത്തുന്നതാണ് ദൈവഹിതം എന്നെനിക്കു വെളിപ്പെട്ടു കിട്ടിയിട്ടുണ്ട്". മറുഭാഗത്തുനിന്നു വന്ന മറുപടി "30-ൽ കൂടുതൽ കൊടുക്കേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് ദൈവഹിതം വെളിപ്പെട്ടുകിട്ടിയിരിക്കുന്നത്".

ഒരു വ്യക്തി പാപത്തിന്റെ വഴികളിൽ നിന്നും പിന്മാറി പിശാചിന്റെ ഹിതത്തിൽ നിന്നും തിരിഞ്ഞ് ദൈവവുമായി ബന്ധപ്പെട്ട് യേശു ക്രിസ്തുവിനെ യജമാനനായി അംഗീകരിച്ച്, അനുസരിച്ച്, ആദരിച്ച് ജീവിതം നയിക്കുന്ന ഒന്നാം നിമിഷം മുതൽ അതായത് വീണ്ടുംജനനം നടക്കുന്ന അതേനിമിഷം മുതൽ ഒരു പുതിയ മേൽക്കോയ്മക്ക് അധീനതയിലാവുകയാണ്. ജീവിതത്തിന്റെ ഉടമസ്ഥാവകാശവും തീരുമാനം ചെയ്യുവാനുള്ള അവകാശവും യേശുക്രിസ്തുവിന് കൈമാറുകയാണ്. പിന്നീട് ഉള്ള എല്ലാ കാര്യങ്ങളും ദൈവ ഇഷ്ടപ്രകാരം മാത്രം നടക്കേണ്ടതും നടത്തേണ്ടതുമാണ്. ആജീവനാന്തമുള്ള ഈ പുതിയ ജീവിതത്തിലേക്കാണ് ഒരാൾ പുതുജനനത്തിലൂടെ കാലെടുത്തു വയ്ക്കുന്നത്. പിശാചിനും പാപത്തിനും അടിമയായിരുന്ന വ്യക്തി യേശുക്രിസ്തുവിനെ യജമാനനായി അംഗീകരിച്ച് യേശുവിന്റെ ദാസനായിത്തീരുന്നു. സാക്ഷാൽ യേശുദാസ്.

വാൾട്ടയർ സെൻട്രൽ ജയിലിലെ തടവുകാർ എല്ലാവരും വന്നിരുന്നു. ഉദ്യോഗസ്ഥന്മാർ വട്ടം നിന്നു. സൂപ്രണ്ട് ഞങ്ങളെ സ്വാഗതം ചെയ്തു.

1972 ഡിസംബർ. 24 സെൻട്രൽ ജയിലിലെ ക്രിസ്തുമസ് ആഘോഷമാണ് ചടങ്ങ്. അന്ന് ഒരു ബിസിനസ് സ്ഥാപനത്തിന്റെ മാനേജരായി ഞാൻ വിശാഖപട്ടണത്ത് ജോലിനോക്കുകയാണ്. ജയിലിലെ സൂപ്രണ്ട് ഭക്തനായ ഒരു ഹൈന്ദവനായിരുന്നു. ക്രിസ്ത്യാനിയായ എന്നെ അദ്ദേഹം ക്ഷണിക്കുവാനുള്ള ഒരു കാരണം അവിടുത്തെ റോട്ടറി ക്ലബിൽ പതിവായി ഞങ്ങൾ കണ്ടുമുട്ടിയുള്ള പരിചയവും സുഹൃത്ബന്ധവും ആയിരുന്നു. ക്രിസ്തുമസ് ജയിലിലെ വിശേഷദിവസങ്ങളിൽ ഒന്നാണ്. പ്രത്യേക ഭക്ഷണവും അന്നു ലഭിക്കുന്നു. കലാപരിപാടികൾ അന്നുണ്ട്. തടവുകാർ അന്നു ജോലി ചെയ്യേണ്ട, കുശിനിക്കാരൊഴികെ, ആയിരത്തിലധികം വരുന്ന തടവുകാരുടെ മുഖങ്ങളിലേക്ക് സ്റ്റേജിലിരുന്നുകൊണ്ട് ഞാൻ നോക്കി. എന്തിനോ വേണ്ടി ദാഹിക്കുന്ന കണ്ണുകൾ, വിഷാദഛവികലർന്ന

മുഖങ്ങൾ. ഇത്രനല്ല ദിവസത്തിൽ വീട്ടിൽ പ്രിയപ്പെട്ടവരോടുകൂടി ആയിരുന്നു എങ്കിൽ എന്നു പലരും ഓർത്തുകാണും. ക്രൈസ്തവ പശ്ചാത്തലത്തിലുള്ളവർക്ക് "ഇതു ഞങ്ങളുടെ യേശുവിന്റെ പിറന്നാളാ, നിനക്കെന്താടാ അക്രൈസ്തവനേ" എന്നുള്ള ഗമയാണെങ്കിൽ "നിനക്ക് ഒരു ദൈവമല്ലേ ഉള്ളൂ, ഒരു പിറന്നാളല്ലാതുള്ളോ" എന്ന് ചിലർക്ക് തുറന്നടിക്കണമെന്നുള്ള മട്ടുണ്ട് മുഖത്ത്.

എന്റെ കൂടെ കാൽവറി ബാപ്റ്റിസ്റ്റ് ചർച്ചിലെ ചില യുവസ്നേഹിതന്മാരും മോസസ് എന്നു പേരുള്ള പാസ്റ്ററും ഉണ്ടായിരുന്നു. ഞങ്ങൾ കുടുംബമായി ഈ ജയിലിലാണ് ക്രിസ്തുമസ് സർവീസിന് പോയത്. പള്ളിയിലെ ഗായകസംഘം പാടുമ്പോഴും ഇവരോട് എന്തു പ്രസംഗിക്കണമെന്നുള്ള തേങ്ങലിലായിരുന്നു ഞാൻ. പാട്ടുകഴിഞ്ഞ് സൂപ്രണ്ട് എന്നെ പരിചയപ്പെടുത്തി. ഞാൻ ഒരു വേദവാക്യം വായിച്ചു. ലൂക്കൊ 2-ാം അദ്ധ്യായം 10-ാം വാക്യം.

**'സർവ ജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം ഞാൻ നിങ്ങളോട് അറിയിക്കുന്നു'**

ക്രിസ്തുവിന്റെ ജനനം മഹാസന്തോഷത്തിന്റെ സംഭവമാണ്. അത് സർവജനത്തിനും ഉണ്ടാകുവാനുള്ള മഹാ സന്തോഷമാണെന്നും ആ കൂട്ടത്തിൽ സ്നേഹിതരെ ഞാനും നിങ്ങളും ഉണ്ടെന്നും ജയിലിൽ ആദ്യമായി ചെയ്ത പ്രസംഗത്തിൽ ഞാൻ പറഞ്ഞൊപ്പിച്ചു. പാസ്റ്റർ തെലുങ്കിലേക്ക് ഭാഷാന്തരം ചെയ്തു. എനിക്ക് പ്രസംഗിച്ചു പരിചയം പോരാ. അപ്പൻ നല്ല പ്രാസംഗികനായിരുന്നു. "അമ്മാവൻ ആനപ്പുറത്തു കയറിയതുകൊണ്ട് അനന്തരവന്റെ ആസനത്തിൽ തഴമ്പു കാണണമെന്നില്ലല്ലോ". 'പ്രസംഗത്തിന്റെ അന്ത്യത്തിൽ തികച്ചും ശാന്തത സദസ്സിൽ തിങ്ങിനിന്നു. എല്ലാവരും പിരിഞ്ഞുപോയി. Silent Night, Holy Night എന്ന ഗാനം വയലിനിലൂടെ ഒരു സഹോദരി പാടുന്നുണ്ടായിരുന്നു.

എല്ലാ തടവുകാരും പോയിക്കഴിഞ്ഞപ്പോൾ അതാ ഒരുവൻ തല താഴ്ത്തി ഇരിക്കുന്നു. സൂപ്രണ്ടും, പാസ്റ്ററും, ജയിലറും ഞാനും അങ്ങോട്ടുപോയി. ആ യുവാവ് കരയുകയായിരുന്നു. കൊലക്കുറ്റത്തിന് ജീവപര്യന്തം കിട്ടി വന്ന 23 കാരൻ. തുടർന്നുള്ള സംസാരത്തിന്റെ അന്ത്യത്തിൽ പാസ്റ്ററും ആ യുവാവും മുട്ടിന്മേൽ നിന്നു തെലുങ്കിൽ ചൊല്ലിക്കൊടുത്ത പ്രാർത്ഥന അവൻ പ്രാർത്ഥിച്ചു. അവൻ എന്നെ നോക്കീട്ട് പറഞ്ഞു: "ചാലാ സന്തോഷമൂ" (വളരെ സന്തോഷമുണ്ട് നന്ദി) ആ യുവാവായ തടവുകാരന്റെ സമർപ്പണം, അവന്റെ കണ്ണുനീരും ഏറ്റുപറച്ചിലും എന്നിൽ ഒരു പുതിയ അദ്ധ്യായത്തിന്റെ തുടക്കം

കുറിക്കലായിരുന്നു എന്ന് അന്ന് ഞാൻ അറിഞ്ഞില്ല. സൂപ്രണ്ടിന്റെ മുറിയിലെ സൽക്കാരം കഴിഞ്ഞ് ഞാനും പാസ്റ്ററും പുറത്തിറങ്ങുമ്പോൾ ജയിലിന്റെ ഉയർന്ന കല്മതിൽ തടവുകാരെ അകത്തും ഞങ്ങളെ പുറത്തും ആക്കി. ജയിലിലെ പ്രവർത്തനത്തെക്കുറിച്ച് പാസ്റ്റർ എന്നോടു പറഞ്ഞു. സഹോദരാ, ഒരു പക്ഷെ ദൈവം നിങ്ങളെക്കൊണ്ട് ഇതായിരിക്കാം ആഗ്രഹിക്കുന്നത്. ദൈവം ആവശ്യപ്പെട്ടാൽ തീർച്ചയായും മറുത്തുപറയരുത്. 20 വർഷം ക്രിസ്തുവിനെ സേവിച്ച് 30 ലേക്ക് പ്രവേശിച്ച ആ ദൈവഭൃത്യൻ ഞാൻ കാറിൽ കയറുമ്പോൾ എന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചത് ഞാൻ ഓർക്കുന്നു. ദൈവം ആവശ്യപ്പെട്ടാൽ നീ അനുസരിക്കുമോ എന്ന് ശക്തമായി ചോദിച്ചു. ആ തടവുകാരന്റെ 'ചാലാ സന്തോഷമൂ' എന്നുപറയുന്ന മുഖവും പാസ്റ്ററുടെ ചോദ്യവും എന്നെ അസ്വസ്ഥനാക്കി. അന്നു ഞാൻ പറഞ്ഞു 'ഇൻഷാ അള്ളാ' അതിന്റെ ഗൗരവം ആഴത്തിൽ മനസ്സിലാക്കാതെ. കഴിഞ്ഞ 14 വർഷത്തെ ജയിൽ പ്രവർത്തനങ്ങളിൽ മാറാതെ കിടക്കുന്ന ആ സായംകാലം, ആ സംഭാഷണം ഇനിയും കിടക്കും ജീവപര്യന്തം.

**ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം**

## Quest 90 - ന്റെ ശരി ഉത്തരങ്ങൾ

1. ദിബ്രിയുടെ (ലേവ്യ. 24:11)
2. അങ്കി, നടുക്കെട്ട്, തലപ്പാവ് (ലേവ്യ.8:13)
3. കോലാട്ടുകൊറ്റൻ (ലേവ്യ. 16:22)
4. ഒന്നാം മാസം 15-ാം തീയതി (ലേവ്യ. 23:6)
5. ദരിദ്രനും, പരദേശിയും (ലേവ്യ. 19:10)
6. പുരോഹിതൻ (ലേവ്യ. 13:3)
7. മരണശിക്ഷ (ലേവ്യ. 20:9)
8. പാപപരിഹാര ദിവസത്തിൽ (ലേവ്യ. 25:9)
9. ലേവ്യ. 11:45
10. നേരിയ മാവ് (ലേവ്യ. 2:1)
11. കാളക്കിടാവിനെ (ലേവ്യ. 4:3)
12. സമാഗമനകൂടാരത്തിന്റെ വാതില്ക്കൽ (ലേവ്യ. 1:5)
13. ഉസ്സീയേൽ (ലേവ്യ. 10:4)
14. സമാഗമനകൂടാരത്തിന്റെ പ്രാകാരത്തിൽ (ലേവ്യ. 6:16)
15. 50 ശേക്കെൽ വെള്ളി (ലേവ്യ. 27:16)
16. രക്തം (ലേവ്യ. 17:11)
17. ഇരുമ്പ്, ചെമ്പ് (ലേവ്യ. 26:19)
18. യാഗം അർപ്പിക്കുന്ന പുരോഹിതന് (ലേവ്യ. 7:8)
19. കുരുട്, ചതവ്, മുറിവ്, മുഴ, ചൊറി, പുഴുക്കടി (ലേവ്യ. 22:22)
20. വിധവ, ഉപേക്ഷിക്കപ്പെട്ടവൾ, ദുർന്നടപ്പുകാരി, വേശ്യ (ലേവ്യ. 21:13,14)

# താമാർ എന്ന കൗശലക്കാരി

താമാർ എന്ന പേരുള്ള രണ്ടുസ്ത്രീകളെക്കുറിച്ച് വിശുദ്ധവേദ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ദാവീദ്രാജാവിന്റെ 8 ഭാര്യമാരി ലൊരാളായിരുന്ന മയഖാ എന്ന സ്ത്രീയിൽ ജനിച്ചവളും അബ്ശാലോ മിന്റെ സഹോദരിയുമായ താമാരിനെക്കുറിച്ച് 2 ശമൂവേൽ 13-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. അതിസുന്ദരിയും തന്റെ അർദ്ധ സഹോദരരിലൊരുവനായ അമ്നോനാൽ അപമാനിക്കപ്പെട്ടവളുമായ ഈ കന്യക ഒരു ദുരന്തകഥയിലെ നായികയായിരുന്നു എന്നുള്ള തിനപ്പുറമായി കൂടുതലായി അറിയപ്പെടുന്നില്ല. ദാവീദ്രാജാവിന്റെ ജീവിതത്തിലെ ഏറ്റവും ദുഃഖകരമായ അനുഭവങ്ങളിൽ എത്തപ്പെട്ട സാഹചര്യങ്ങളിലേക്ക് വെളിച്ചം വീശുന്നതിനുവേണ്ടി മാത്രമായിരിക്കാം താമാരിന്റെ കഥ വിശുദ്ധവേദപുസ്തകത്തിൽരേഖപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ ഇതിൽ നിന്നും തുലോം വിഭിന്നമാണ് താമാർ എന്ന കൗശലക്കാരിയുടെ കഥ. 50 അദ്ധ്യായങ്ങളുള്ള ഉൽപത്തി പ്പുസ്തകത്തിൽ സർവ്വചരാചരങ്ങളുടെയും ഉൽപത്തി മുതൽ ക്രമാനുഗതമായി വിവരിച്ചിട്ടുള്ള സംഭവപരമ്പരകളിൽ നിന്നും വേറിട്ടു നില്ക്കുന്ന ഒരദ്ധ്യായമാണ് 38-ാം അദ്ധ്യായം. ഉദ്വേഗജനകമായ 37-ാം അദ്ധ്യായത്തിലെ സംഭവവികാസങ്ങളുടെ തുടർച്ച 39-ാം അദ്ധ്യായ ത്തിലാണ് നാം വായിക്കുന്നത്. പ്രസ്തുത സംഭവങ്ങളുമായി യാതൊരു ബന്ധവും പ്രത്യക്ഷമായി കാണാൻ സാധിക്കാത്ത 38-ാം അദ്ധ്യായത്തിന്റെ പ്രസക്തി യേശുക്രിസ്തുവിന്റെ വംശാവലിയുടെ ഏടുകളിൽ കൂടെയാണ് നാം ദർശിക്കുന്നത്.

ഗോത്രപിതാവായ യാക്കോബിന്റെ 12 പുത്രന്മാരിൽ എല്ലായ്പ്പോഴും മുമ്പന്തിയിൽ നിന്നവനായ യഹൂദയുടെ ജീവിതത്തിലെ ഒരു വഴിത്തിരിവാണ് 38-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത്. യഹൂദാ തന്റെ സഹോദരന്മാരെ വിട്ടു എന്ന മുഖവുരയോടെയാണ് പ്രസ്തുത അദ്ധ്യായം ആരംഭിക്കുന്നത്. കുടുംബത്തിന്റെ സ്വയം പ്രഖ്യാപിത വക്താവായി നാളിതുവരെ പ്രവർത്തിച്ചിട്ടുള്ള യഹൂദയ്ക്ക് ഇപ്രകാര മുള്ള ഒരു പരിവർത്തനം എന്തുകൊണ്ടാണ് സംഭവിച്ചതെന്ന് വായന ക്കാർ അത്ഭുതപ്പെട്ടേക്കാം. എന്നാൽ ബൃഹത്തായ ദൈവിക കാര്യ പരിപാടിയുടെ പൂർത്തീകരണത്തിന്റെ ഒരു ഭാഗം മാത്രമായിരുന്നു യഹൂദയുടെ ഈ വഴിമാറ്റം എന്ന് അനന്തര സംഭവങ്ങൾ തെളിയിക്കുന്നു.

അദുല്ലാമ്യ (കനാന്യൻ)നായ ഹീരയുമായുള്ള കൂട്ടുകെട്ടാണ് സംഭവങ്ങളുടെ തുടക്കം. യഹൂദയുടേതിൽനിന്നും തികച്ചും വ്യത്യസ്തമായ പരിതഃസ്ഥിതികളിൽ വളർന്നുവന്നവനായ ഒരന്യജാതിക്കാരനുമായുള്ള സംസർഗ്ഗം യഹൂദയുടെ സ്വഭാവത്തിലും ചിലമാറ്റങ്ങൾ ഉണ്ടാക്കിയിരിക്കാം. ഇരുപതോ അതിലധികമോ വർഷങ്ങളിലായി സംഭവിച്ച കാര്യങ്ങളാണ് 38-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. പ്രസ്തുതകാലഘട്ടത്തിൽ യഹൂദാ ശൂവാ എന്ന ഒരു കനാന്യന്റെ മകളെ വിവാഹം കഴിക്കുകയും മൂന്ന് ആൺമക്കൾ അവളിൽ ജനിക്കുകയും ചെയ്തു. മൂത്തപുത്രനായ ഏർ, താമാർ എന്ന യുവതിയെ വിവാഹം കഴിച്ചതിനു ശേഷം നടന്ന ചിലസംഭവങ്ങളാണ് ഈ അദ്ധ്യായത്തിൽ എടുത്തുപറഞ്ഞിട്ടുള്ളത്. ഏരിന്റെ അകാലചരമത്തിനു ശേഷംഅക്കാലത്ത് നിലവിലിരുന്ന ദേവരധർമ്മം അനുസരിച്ച് ഏരിന്റെ അനുജനായ ഒനാൻ താമാരിനെ വിവാഹം കഴിച്ചെങ്കിലും താമാരിന് സന്തുഷ്ടമായ ഒരു കുടുംബജീവിതം നയിക്കുന്നതിനോ ഒരു പിന്തുടർച്ചാവകാശിയെ ലഭിക്കുന്നതിനോ സാധിച്ചില്ലെന്നുള്ളതാണ് പരമാർത്ഥം. ഇളയ പുത്രനായ ശേലായിലായിരുന്നു താമാരിന്റെ തുടർന്നുള്ള പ്രതീക്ഷയെങ്കിലും യഹൂദയുടെ അനാസ്ഥമൂലം അതും സഫലീകൃതമായില്ല. ഇത്തരുണത്തിലാണ് തന്റെ ഭർത്തൃപിതാവിനെ ഒരു പാഠം പഠിപ്പിക്കുന്നതിനും തന്റെകുടുംബം നിലനിർത്തുന്നതിന് ഒരു അനന്തരാവകാശിയെ ലഭിക്കുന്നതിനുമായി ഒരു മാർഗ്ഗം താമാർ കണ്ടുപിടിച്ചത്.

താമാർ തന്ത്രപൂർവ്വം ഒരുക്കിയ കെണിയിൽ യഹൂദ വീഴുക തന്നെ ചെയ്തു. താൻ ഏതോ ഒരു കെണിയിലകപ്പെട്ടെന്ന് യഹൂദയ്ക്ക് മനസ്സിലായെങ്കിലും അത് ആർ ഒരുക്കിയതാണെന്നോ അതിന്റെ വ്യാപ്തി എത്രമാത്രമുണ്ടെന്നോ യാതൊരു ഊഹാപോഹവും ഉണ്ടായിരുന്നില്ല. ആയതിനാൽ ആ സംഭവം യഹൂദയുടെ സ്മൃതിപഥത്തിൽ നിന്നും മാഞ്ഞുപോയതായി കരുതാവുന്നതാണ്.

എന്നാൽ അങ്ങനെയിരിക്കുമ്പോഴാണ് അശനിപാതം പോലെ ഒരു വാർത്ത യഹൂദയുടെ കർണ്ണപുടങ്ങളിൽ പതിക്കുന്നത്. അത് മറ്റൊന്നുമല്ല, വിധവയായ മരുമകൾ അപഥസഞ്ചാരം നടത്തി അതിനുള്ള തിക്തഫലം പേറുന്നു എന്നുള്ളതുതന്നെ. യഹൂദയുടെ സദാചാര ബോധത്തിൽ നിന്നും ഉടലെടുത്ത ധാർമ്മികരോഷം അതിന്റെ ഉച്ചസ്ഥായിയിലെത്തി. അപഥസഞ്ചാരിയായ മരുമകളെ അന്തഃപുരത്തിൽ നിന്നും വലിച്ചിറക്കി പുറത്തുകൊണ്ടുവന്നു ചുട്ടുകളയട്ടെ എന്നുള്ള കർക്കശമായ വിധി പ്രസ്താവിക്കാൻ പിന്നീട് അധികകാല വിളംബം ഉണ്ടായില്ല.

എങ്കിലും കഥ അവിടം കൊണ്ടവസാനിക്കുന്നില്ല. മരണശിക്ഷയ്ക്ക്വിധിക്കപ്പെട്ട താമാരിന്റെ ചില വെളിപ്പെടുത്തലുകൾ യഹൂദയുടെ സദാചാരബോധത്തിന്റെ മുഖംമൂടി വലിച്ചുകീറുകയും തന്റെ മുഖത്തേറ്റ പ്രഹരമായി അത് അനുഭവപ്പെടുകയും ചെയ്തു. താമാർ കാട്ടിക്കൊടുത്ത തെളിവുകൾ കണ്ടു നമ്രശിരസ്കനായ യഹൂദയ്ക്ക് അവൾ എന്നിലും നീതിയുള്ളവൾ (ഉൽപ.38:26) എന്ന വാക്കുകൾ ഉച്ചരിക്കാൻ മാത്രമേ സാധിച്ചുള്ളു. യഹൂദയാൽ ഗർഭിണി യായിരുന്ന താമാർ അവളുടെ ഗർഭകാലംതികഞ്ഞപ്പോൾ ഇരട്ട ആൺകുട്ടികൾക്ക് ജന്മം നല്കുകയും അവർ സേരഹ്, പേരെസ് എന്ന പേരുകളിൽ അറിയപ്പെടുകയും ചെയ്തു.

യഹൂദയുടെ അപഥസഞ്ചാരത്തെക്കുറിച്ച് വിവരിക്കുന്ന 38-ാം അദ്ധ്യായം ഉൽപത്തി പുസ്തകത്തിലെ ഇതര അദ്ധ്യായങ്ങളിൽ നിന്നുംവേറിട്ടുനില്ക്കുന്നു. എന്നാൽ യഹൂദയുടെ വീഴ്ചയുടെ പരിണതഫലം അറിയുമ്പോൾ മാത്രമേ പ്രസ്തുത അദ്ധ്യായത്തിന്റെ സാംഗത്യത്തെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ സാധിക്കയുള്ളൂ. യഹൂദയുടെ വഴിവിട്ട സഞ്ചാരത്തിന്റെ ഫലമായി ഉല്പാദിതരായ ഇരട്ടക്കുട്ടികളിൽ ഇളയവനായ പേരെസിന് ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ വംശാവലിയിൽ ഒരു സ്ഥാനം സർവ്വജ്ഞനായ ദൈവം കല്പിച്ചനുവദിച്ചിരുന്നുവെന്നുള്ള യാഥാർത്ഥ്യം ഗ്രഹിക്കു മ്പോൾ ദൈവമക്കളായ നാം ആശ്ചര്യപരതന്ത്രരാകുന്നതിനോടൊപ്പം തന്നെ സർവ്വശക്തനായ ദൈവത്തിന്റെ അഗോചരവും അപ്രമേയവുമായ വഴികളെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകയും ചെയ്യുന്നു. മനുഷ്യന്റെ ബുദ്ധിക്കോ ശക്തിക്കോ അതീതമായ ദൈവജ്ഞാനത്തിൽ നിന്നുമുളവാകുന്ന ദൈവിക കാര്യപരിപാടികളുടെ പൂർണ്ണരൂപം മനസ്സിലാക്കാൻ മനുഷ്യമനസ്സുകൾക്ക് ഒരിക്കലും സാധിക്കയി ല്ലെങ്കിലും ദൈവം സ്നേഹിക്കുന്നവരുടെ ജീവിതത്തിലുണ്ടാകാവുന്ന വീഴ്ചകളും താഴ്ചകളും പോലും ദൈവനാമ മഹത്ത്വത്തിനായി രൂപപ്പെടുത്തിയെടുക്കാൻ ദൈവം പ്രാപ്തനാണെന്നുള്ളചിന്ത നമ്മെ ഏറ്റവും ധൈര്യപ്പെടുത്തുന്നു. അനഭിലഷണീയമായ സംഭവങ്ങൾ അപ്രതീക്ഷിതമായി നമ്മുടെ ജീവിതത്തിൽ സംഭവിച്ചെന്നിരുന്നാൽ നാം നിരാശാഭരിതരാകാതെയും കുറുക്കു വഴികൾ തേടാതെയും ദൈവഹിതമെന്താണെന്നു മനസ്സിലാക്കാൻ ശ്രമിക്കുകയും ദൈവകര ങ്ങളിൽ നമ്മെത്തന്നെ പൂർണ്ണമായി ഭരമേല്പിച്ച് നമ്മുടെ ജീവിതയാത്ര തുടരുകയും ചെയ്യാം.

**ജോർജ് ജോൺ, തിരുവനന്തപുരം**

# പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

കുടുംബജീവിത ചരിത്രത്തിൽ തുടക്കം മുതൽ തന്നെ ദമ്പതികളുടെ ഉരസലുകളും വഴക്കുകളും അന്യോന്യമുള്ള കുറ്റപ്പെടുത്തലുകളും മത്സരങ്ങളും നമുക്കു കാണാം. ഏദെനിൽ ആദാം ഹവ്വമാരിൽത്തന്നെ അതു തുടങ്ങിയതായി നാം വായിക്കുന്നു. (ഉൽപത്തി 3:12). ഹാഗാറിന്റെയും യിശ്മായേലിന്റെയും കാര്യത്തിൽ അബ്രഹാമും സാറയും തമ്മിൽ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. (ഉൽപത്തി 16:5-6, 21:9-14) എല്ക്കാനയും ഹന്നയോടു പരുപരുത്ത വിധത്തിലാണ് ഇടപ്പെട്ടത് (1 ശമുവേൽ 1:8). ദാവീദും മീഖളും തമ്മിൽ നല്ല ഉരസൽ തന്നെ ആയിരുന്നു ഉണ്ടായിരുന്നത് (2 ശമുവേൽ 6:16). റെബേക്കയും യിസ്ഹാക്കും കാഴ്ചപ്പാട് നഷ്ടപ്പെട്ട ജീവിത സായാഹ്നത്തിൽ എങ്ങനെയൊക്കെ പെരുമാറി എന്നത് ഉൽപത്തി 27-ാം അദ്ധ്യായം നമുക്കു കാണിച്ചുതരുന്നു. ദൈവത്തെ കളിപ്പിക്കാൻ ശ്രമിച്ച് കള്ളത്തരത്തിന് കൂട്ടുനിന്ന അനന്യാസ് സഫീര ദമ്പതികളും നമ്മുടെ മുമ്പിൽ നിരന്നുനില്ക്കുന്നു (അപ്പൊസ്തല പ്രവൃത്തികൾ 5:1-11). ഏതു ചെറിയ അതൃപ്തിയും ചൊല്ലി അന്യോന്യം വെറുക്കാനും അകലാനും ഉപേക്ഷിക്കാനും പുതിയബന്ധങ്ങൾ തേടിപ്പോകാനും വരെ ശ്രമിക്കുന്ന ദമ്പതികളെ ക്രിസ്തുവും അപ്പൊസ്തലന്മാരും വളരെ ശക്തിയായ ഭാഷയിലാണ് എതിരിടുന്നത് (മത്തായി 19, 1 കൊരിന്ത്യർ 7, റോമർ 7 തുടങ്ങിയ ഭാഗങ്ങൾ).

ദാമ്പത്യജീവിതത്തിൽ പ്രശ്നങ്ങളും ഉരസലുകളും ഉണ്ടായി എന്നുവരാം. അതിന്റെ ഉറവിടം ആത്മീയപരാജയവും, പാപവും ജഡികസ്വഭാവങ്ങളുടെ ഏറ്റുമുട്ടലുകളും ആകുന്നു എന്ന് വചനം ശക്തിയായി പഠിപ്പിക്കുന്നു. ഭാര്യാഭർത്തൃബന്ധങ്ങളിൽ ഏറ്റവും കൂടുതൽ പ്രതിബിംബിക്കുന്നത് ജഡികസ്വഭാവങ്ങളായ കോപം, ക്രോധം, പക, പിണക്കം, ഇന്ദ്രിയജയമില്ലായ്മ, അസൂയ, മത്സരവും ജയിക്കാനുള്ള കാംക്ഷ, ആകുലചിന്ത, നിഷേധാത്മചിന്തകൾ, വാദപ്രതിവാദങ്ങൾ, മാനസാന്തരമില്ലായ്മ, അനുതാപരാഹിത്യം, പരസ്പര സംശയ വിചാരങ്ങൾ, സ്വാർത്ഥത, അക്ഷമ, പരസ്പരം ക്ഷമിക്കാനുള്ള മനസ്സില്ലായ്മ, ദുശ്ശാഠ്യം, അകമെയോ പുറമെയോ ഉള്ള ദുർന്നടപ്പ്, മദ്യ

ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ
**"സന്തുഷ്ട ക്രിസ്തീയ കുടുംബം"**
എന്ന പുസ്തകത്തിൽ നിന്നും

പാനം, വെറിക്കുത്ത് തുടങ്ങിയവയാണ്. ഇതെല്ലാംതന്നെ പാപസ്വഭാവത്തിന്റെ വകഭേദങ്ങളാണ്. പിൻമാറ്റ ജീവിതത്തിന്റെ ഫലമായി ഇങ്ങനെ പ്രാകൃതസ്വഭാവം മനുഷ്യനിൽ വേരൂന്നി പടർന്നു പന്തലിച്ച് അതൊക്കെ പെരുമാറ്റത്തിന്റെയും മനോഭാവത്തിന്റെയും ഭാഗമായി തീർന്നിട്ട് ദമ്പതികളുടെ പരസ്പരബന്ധത്തെ ബാധിക്കുന്ന തിന്റെ അടിസ്ഥാനത്തിൽ ഒളിഞ്ഞും തെളിഞ്ഞും പുറത്തേക്കു വന്നുകൊണ്ടിരിക്കും.

ഇതൊക്കെ ദമ്പതികളിൽ എത്രമാത്രം വ്യാപിച്ചിട്ടുണ്ട് എന്ന് എങ്ങനെ മനസ്സിലാക്കാൻ സാധിക്കും എന്നത് ചിന്തനീയമാണ്. രോഗത്തെ അതിന്റെ ആന്തരികവും ബാഹ്യവുമായ ലക്ഷണങ്ങളാൽ തിരിച്ചറിയുന്നതുപോലെ ദമ്പതികളുടെ പിന്മാറ്റജീവിതത്തിന്റെ ആഴവും കാഠിന്യവും വ്യക്തമായിട്ടറിയാൻ ക്രിസ്തു ആകുന്ന വലിയ വൈദ്യന്റെ അടുത്തേക്കു പോകാൻ ദമ്പതികൾ എപ്പോഴും തയ്യാറായിരിക്കണം. ആന്തരികവും ബാഹ്യവുമായ അനാത്മികലക്ഷണങ്ങളെ ദൈവവചന മാകുന്ന കണ്ണാടിയിൽക്കൂടി നിരന്തരമായി തങ്ങൾ സ്വയമായി പരിശോധിക്കേണ്ടതാണ് (യാക്കോബ് 1:22-25). ഇത്തരം നിരന്തര സ്വയ പരിശോധനമൂലം വചനപ്രകാരം യുക്തമായ ആത്മീയ പരിഹാരത്തി ലേക്കു കടന്നുവരുന്ന ദമ്പതികൾക്കാണ് തങ്ങളുടെ ദാമ്പത്യപ്രശ്ന ങ്ങൾക്ക് വേഗത്തിൽ പരിഹാരം കണ്ടെത്താൻ സാധിക്കുന്നത്.

എന്താണ് ആത്മീയ പരിഹാര മാർഗ്ഗങ്ങൾ? ഒന്നാമത് വാക്കിനാലും ക്രിയകളാലും മനോഭാവത്താലും പങ്കാളിയെ ദുഃഖിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന് ദൈവത്തോടും അതിനുശേഷം പങ്കാളിയോടും നിരപ്പ് പ്രാപിക്കുക. സങ്കീർത്തനം 51-ൽ പറയുന്ന സമീപനം ദമ്പതികൾ സ്വീകരിച്ചാൽ അവർക്ക് ശരിയായ അനുതാപവും ഏറ്റുപറച്ചിലും മാനസാന്തരവും അതുമൂലമുണ്ടാകുന്ന സന്തോഷവും അനുഭവിക്കാൻ സാധിക്കും (സങ്കീർത്തനം 32). അങ്ങനെ ആയാൽ ദമ്പതികളുടെ ഹൃദയങ്ങളിൽ നിന്നും അനുതാപത്തോടും ഏറ്റുപറച്ചിലോടും കൂടിയ അനേക പ്രാർത്ഥനകൾ ഇത്തരുണത്തിൽ ഉയർന്നുവരുവാൻ ദൈവാത്മാവ് സഹായിക്കും. (സങ്കീർത്തനം 19:12-14; 66:13; 119:11; 139:23-24; സദൃശവാക്യങ്ങൾ. 28:13). ദൈവത്തോടു കുറവുകൾ ഏറ്റുപറഞ്ഞതിനുശേഷം പങ്കാളിയോടും പരാജയങ്ങൾ ഏറ്റുപറയുകയും ചെയ്യുക എന്നതാണ് ഏറ്റവും കരണീയമായ കാര്യം. ഇങ്ങനെ അന്യോന്യം കുറവുകളും തോൽവികളും ഏറ്റുപറയുന്ന ദമ്പതികൾക്ക് തങ്ങളുടെ ഇടയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും സന്തോഷകരമായ കുടുംബജീവിതം നയിക്കാനും ദൈവികസഹായം ലഭിക്കും.

ദമ്പതികൾക്ക് തങ്ങളുടെ കുറവുകളെ കാണാൻ സാധിക്കാത്തത് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചോ കെടുത്തു കളഞ്ഞോ (എഫെസ്യർ 4:30; 1 തെസ്സലോന്യർ 5:19) ജീവിക്കുന്നതു കൊണ്ടാണ്. അതായത് സ്വയം (ego) ക്രൂശിക്കപ്പെടാതെയുള്ള ജീവിതത്തിൽ താൻ എപ്പോഴും ശരി എന്നും മറ്റേ വ്യക്തി തെറ്റ് എന്നുമുള്ള ചിന്ത അവരെ ഭരിക്കയും അനുതാപത്തിനും മാനസാന്തരത്തിനും ഇടകാണാതിരിക്കുകയും ചെയ്യും.

ജഡികമായ ജീവിതംമൂലം അനേകരുടെ സ്നേഹം തണുത്തു പോകുവാൻ ഇടവരും. അധർമ്മം പെരുകുന്നിടത്താണ് സ്നേഹം തണുത്തുപോകുന്നത് എന്ന് യേശുക്രിസ്തു പറയുന്നു (മത്തായി 24:12) എന്നാൽ യഥാർത്ഥ സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല എന്നു ദൈവവചനത്തിൽ നാം വായിക്കുന്നു (1 കൊരിന്ത്യർ 13:8) ദമ്പതികൾക്ക് തങ്ങളുടെ ദാമ്പത്യജീവിതത്തിൽ സ്നേഹം കുറഞ്ഞോ അഥവാ തണുത്തോ, ഊഷ്മളത കുറഞ്ഞോ പോകുന്നുവോ എന്നൊക്കെ തോന്നിയാൽ തങ്ങളെത്തന്നെ വചനത്താലും ആത്മാവിനാലും അവലോകനം ചെയ്യുകയും സ്നേഹം കുറയാനുള്ള കാരണം കണ്ടുപിടിക്കയും വേണം. കുറവുകൾ ഏറ്റുപറയുകയും സ്നേഹത്താൽ നിറയാനായി മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്താൽ സ്നേഹവാനായ ദൈവം തന്റെ ആത്മാവിനാൽ അവരെ നിറയ്ക്കുകയും ആത്മാവിന്റെ ഫലമായ സ്നേഹം അവരിൽ നിറഞ്ഞു കവിയുവാൻ ഇടയാക്കുകയും ചെയ്യും. നിസ്വാർത്ഥവും ത്യാഗനിർഭരവുമായ സ്നേഹം ദമ്പതികൾക്കുണ്ട് എന്നതിന്റെ തെളിവുകൾ വചനം നമുക്കു നല്കുന്നുണ്ട്. അതായത് ദമ്പതികൾ തമ്മിൽ ദീർഘമായി ക്ഷമിക്കുന്നുണ്ടോ? അവർ തമ്മിൽ ദയാവായ്പോടും കരുണയോടുംകൂടെയാണോ സംസാരിക്കയും പെരുമാറുകയും ചെയ്യുന്നത്? അവർക്ക് തമ്മിൽ വെറുപ്പും വിദ്വേഷവും ഹൃദയാകൽചയുമുണ്ടോ? ഒരാൾ മറ്റെയാളിനെക്കാൾ ഏതെങ്കിലും നിലയിൽ മെച്ചമാണ് എന്ന മനോഭാവത്തോടെയാണോ അവർ തമ്മിൽ ഇടപെടുന്നത്? സ്വന്തം ആഗ്രഹം, ഇഷ്ടാനിഷ്ടങ്ങൾ, മുൻഗണനകൾ എന്നിവ സാധിക്കണമെന്നും മറ്റെയാളിന്റെ കാര്യം എങ്ങനെ ആയാലും അത് വിഷയമല്ല എന്ന ചിന്തയുണ്ടോ? തമ്മിൽ പൊറുക്കുവാനും പിന്നീടത് ഓർമ്മിക്കാതെയും പരാമർശിക്കപ്പെടാതെയും ഇടപെടാൻ കഴിയുന്നുണ്ടോ? സംശയലേശമില്ലാതെ അന്യോന്യം വിശ്വസിക്കുവാനും വിശ്വാസം മറ്റെ വ്യക്തിയിൽ അർപ്പിക്കുവാനും സാധിക്കുന്നുണ്ടോ? മറ്റെ വ്യക്തിയുടെ ഉന്നമനത്തിനായി എന്തും സഹിക്കുവാനുള്ള സന്മനസ്സും വ്യഗ്രതയും ത്യാഗമനോഭാവവുമുണ്ടോ? (1 കൊരിന്ത്യർ 13:4-7) ഇവ്വിധ

ചോദ്യങ്ങളിൽ കൂടി സ്നേഹം തണുത്തു പോയിട്ടുണ്ടോ എന്നു സ്വയമായി അവലോകനം ചെയ്യാൻ സാധിക്കും.

തമ്മിലുള്ള സ്നേഹം തണുക്കുന്നു എന്നു തോന്നിയാൽ അതിന്റെ കാരണത്തിലേക്കു കടക്കയും അതിന് ആത്മീയമായ പ്രതിവിധി കണ്ടെത്തുകയും വേണം. താൻ തന്നെ പരാജയപ്പെട്ടു എന്ന് തോന്നുന്ന സ്ഥാനത്ത് കുറവുകൾ ദൈവസന്നിധിയിൽ ഏറ്റു പറയുകയും ചെയ്യണം. ഇതിന് കാരണം വ്യവസ്ഥകൾ കൂടാതെ സ്നേഹിച്ചുകൊള്ളാം എന്ന ഉടമ്പടി ചെയ്തിട്ടാണല്ലോ ദമ്പതികൾ വിവാഹിതരായത് എന്നതു തന്നെയാണ്. ഈ ഉടമ്പടിയുടെ അന്തസ്സത്തയിൽ പരാജയം ഭവിച്ചു എങ്കിൽ ദൈവവുമായിട്ടും പങ്കാളിയുമായിട്ടും അതിൽ നിരപ്പു പ്രാപിക്കാൻ ദമ്പതികൾ കടപ്പെട്ടിരിക്കുന്നു. ദൈവവും ദമ്പതികളും ചേർന്നാണല്ലോ ഉടമ്പടിയുണ്ടാക്കിയിട്ടുള്ളത് എന്ന യാഥാർത്ഥ്യം മറക്കാൻ അവർക്കിടയാകരുത്.

ഊഷ്മള സ്നേഹം ദമ്പതികൾക്ക് ഹൃദയത്തിൽ വീണ്ടും ഉരുവാകുവാനും അത് ജീവിതം മുഴുവൻ കത്തിപ്പടരുവാനും ഇടയാകേണ്ടതിന് സ്നേഹത്തിന്റെ ഉറവിടവും ഇടയനുമായ യേശുക്രിസ്തുവിനോട് പ്രാർത്ഥനയിൽ ചോദിക്കുക എന്നത് ദമ്പതികളുടെ ലക്ഷ്യം ആയിരിക്കണം. ഈ സ്നേഹം ക്രിസ്തുവിൽ അന്വേഷിക്കുക. ക്രിസ്തുവിന്റെ വാതിലിൽ തുടർച്ചയായും, ലഭിക്കുവോളവും മുട്ടിക്കൊണ്ടിരിക്കുക. തുറക്കാം എന്നു വാക്കു പറഞ്ഞവൻ മാറുകയില്ല. അപേക്ഷിച്ചാൽ ഉപേക്ഷിക്കയില്ല. (മത്തായി 7:7-11; സങ്കീർത്തനം 9:10). എങ്കിൽ ദമ്പതികളുടെ രണ്ടുപേരുടെയും ഹൃദയം നിറഞ്ഞുകവിയുമാറ് ഈ സ്നേഹം അവർക്ക് ലഭിക്കും (സങ്കീർത്തനം 23:5). ഈ സ്നേഹത്താൽ അന്യോന്യം മത്തുപിടിച്ചവരായി ജീവിക്കാൻ ദൈവം ദമ്പതികളെ സ്നേഹത്തിൽ യോജിപ്പിച്ചിരിക്കുന്നു (സദൃ. വാക്യങ്ങൾ 5:19). അങ്ങനെ എന്റെ പ്രിയ(ൻ) എനിക്കുള്ളവൻ (ൾ), ഞാൻ അവനുള്ളവൾ (ൻ) എന്നുപറഞ്ഞ് ജീവിക്കാൻ എല്ലാ ദമ്പതികളെയും ആത്മമണവാളനായ ക്രിസ്തു സഹായിക്കുവാൻ ഇടവരും.

**ഡോ. ഉമ്മൻ ഫിലിപ്പ്, കാനഡ**

***"കണ്ണുനീരോടെ വിതയ്ക്കുന്നവർ ആർപ്പോടെ കൊയ്യും. വിത്തു ചുമന്നു കരഞ്ഞും വിതച്ചും കൊണ്ടു നടക്കുന്നു; കറ്റ ചുമന്നും ആർത്തുംകൊണ്ടു വരുന്നു" (സങ്കീ. 126:5,6).***

# ജീവന്റെ വഴികളെ ത്യജിച്ചവർ

**വി.**വേദപുസ്തകത്തിൽ സദൃശവാക്യങ്ങൾ 26-ാം അദ്ധ്യായം 9-11 വരെയുള്ള ഭാഗങ്ങളിൽ നാം ഇങ്ങനെ കാണുന്നു. "മൂഢന്മാരുടെ വായിലെ സദൃശവാക്യം മത്തന്റെ കൈയിലെ മുള്ളുപോലെ. എല്ലാവരെയും മുറിവേല്പിക്കുന്ന വില്ലാളിയും മൂഢനെ കൂലിക്കു നിർത്തുന്നവനും, കണ്ടവരെ കൂലിക്കു നിർത്തുന്നവനും ഒരു പോലെ. നായ് ഛർദ്ദിച്ചതിലേക്ക് വീണ്ടും തിരിയുന്നതും മൂഢൻ തന്റെ ഭോഷത്തം ആവർത്തിക്കുന്നതും ഒരുപോലെ".

പ്രിയമുള്ളവരേ, ഈ കാലഘട്ടത്തിലെ ദൈവജനത്തെ സദൃ. 26:11-ാം വാക്യം ചൂണ്ടികാണിച്ചുകൊണ്ട് അസന്നിഗ്ദമായി തിരുവചനം ഉത്ബോധിപ്പിക്കുകയാണ്. ദൈവത്തിൽ നിന്നും, ദൈവവചനത്തിൽ നിന്നും അകന്നു പോയാൽ നായ് ഛർദ്ദിയിലേക്ക് തിരിയുന്നതിന് സമമായിരിക്കും.

ദൈവികജ്ഞാനം ദൈനംദിന ജീവിതത്തിൽ എങ്ങനെ പ്രായോഗികമാക്കാമെന്നും സാന്മാർഗ്ഗിക നിർദ്ദേശങ്ങൾ എങ്ങനെ അനുസരിക്കാമെന്നും, ജ്ഞാനിയിൽ ജ്ഞാനിയായ ശലോമോൻ ഒരു സംക്ഷിപ്തരൂപത്തിൽ നമ്മുടെ മുന്നിലേക്ക് സദൃശവാക്യങ്ങളെ തുറന്നുവച്ചിരിക്കുന്നു.

ഇന്ന് ബുദ്ധി കുറഞ്ഞവരെയാണ് ആധുനിക ഭാഷയിൽ മൂഢന്മാർ എന്നു വിളിക്കുന്നത്. പക്ഷേ ആ വാക്കിന് വി. ബൈബിളിൽ വ്യത്യസ്തമായ അർത്ഥമാണുള്ളത്. മൂഢന്മാർക്കും ഉന്നതമായ മേധാശക്തിയുണ്ടായേക്കാം. അവരുടെ പ്രശസ്തവിജയത്തിൽ മനുഷ്യർ പുകഴ്ത്തി എന്നു വരാം. പക്ഷേ അവർ ജ്ഞാനികളല്ല. എന്നാൽ ദൈവം നല്കുന്ന ജ്ഞാനത്തെ അവഗണിക്കുന്നതുകൊണ്ടാണ് മനുഷ്യർ മൂഢരാകുന്നത്. അവർ ബഹുജനത്തെ അനുഗമിക്കുന്നവരും ആത്മപ്രശംസാപരമായ അഭിപ്രായങ്ങളെ ഉൾകൊള്ളുവാൻ ഇഷ്ടപ്പെടുന്നവരുമാണ്.

നമുക്ക് സദൃശവാക്യങ്ങളെ ഒന്നു വിലയിരുത്തുമ്പോൾ കാണാൻ കഴിയുന്നത് പരുപരുത്ത ജീവിത പാതയിലൂടെ മുന്നോട്ടുപോകുന്ന മനുഷ്യനെയാണ്. അതോടൊപ്പം വ്യാപാരവ്യവസായാദി ജീവിത തരംഗങ്ങൾക്കെല്ലാം ഉപകരിക്കുന്ന സമ്പൂർണ്ണ വിശിഷ്ടോപദേശങ്ങളുടെ സമാഹാരവുമാണ്.

വേദപുസ്തകഗ്രന്ഥങ്ങളിൽ വച്ച് പ്രായോഗികതയിൽ ഏറ്റവും മുന്നിൽ നില്ക്കുന്നതാണ് സദൃശവാക്യങ്ങൾ. ലോക ജീവിതത്തിന്റെ സർവ്വമുഖങ്ങളെയും സ്പർശിക്കുക മാത്രമല്ല കാലത്തിന്റെ അതിർവര

മ്പുകളെ അതിജീവിക്കുന്നവയുമാണ്, അതിലെ ധാർമ്മിക പ്രമാണങ്ങൾ. തന്നെയുമല്ല സ്ത്രീകളെപ്പറ്റി അത്യുന്നതവും ഉദാത്തവുമായ ഒരു വീക്ഷണവും അതിൽ കണ്ടെത്താനാവും. ആദർശവനിത, യോഗ്യയായ ഭാര്യ, വിശിഷ്ടയായ മാതാവ്, ഒരു നല്ല അയൽക്കാരി എന്നിങ്ങനെ.

എന്നാൽ ജ്ഞാനം എന്നതാണ് സദൃശവാക്യങ്ങളിലെ മർമ്മപ്രധാനമായ പദം. പ്രതിദിന ജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങളെ വിജയകരമായ വിധം കൈകാര്യം ചെയ്യുവാനുള്ള നിർദ്ദേശങ്ങൾ ഈ ഗ്രന്ഥത്തിലടങ്ങിയിരിക്കുന്നു. ഒരു മനുഷ്യന് ദൈവം കൊടുക്കുന്ന ജ്ഞാനത്തിലൂടെ ജീവിതം സമർത്ഥമായും സോദ്ദേശകമായും നയിക്കപ്പെടുവാനുള്ളതാണെന്ന് അടിവരയിട്ടു ഊന്നി പറയുന്നു.

ജീവിത പ്രശ്നങ്ങളെ നേരിടാനാവശ്യമായ ദൈവിക കാഴ്ചപ്പാട് നല്കുന്നതോടൊപ്പം, ദൈവത്തോട്, മാതാപിതാക്കളോട്, അതുപോലെ സമസ്ത മേഖലയിൽ ഉള്ളവരുമായി എങ്ങനെ ഇടപെടണമെന്നും പഠിപ്പിക്കുന്നു. തന്നെയുമല്ല ജ്ഞാനപൂർണ്ണമായ ചിന്തകളാൽ ദൈവഭക്തിയോടെ ജീവിക്കുവാൻ എങ്ങനെ സാധിക്കുമെന്ന് മനുഷ്യരെ പഠിപ്പിക്കുന്ന മഹത്വചനങ്ങളുടെ ഒരു പുസ്തകവുമാണ് സദൃശവാക്യങ്ങൾ.

ജ്ഞാനത്തിന് ഒരു വ്യക്തിഭാവം നല്കി സകല സമ്പൂർണ്ണതയുള്ള ഒരാളായി ക്രിസ്തുവിനെ ചിത്രീകരിച്ചിരിക്കുന്നു. ജ്ഞാനം ദൈവത്തിൽ നിന്നു വരുന്നു അതാണ് ജീവശാസ്ത്രപരവും ആത്മീയവുമായ ചൈതന്യത്തിന്റെ ഉറവിടം. സദൃ. 3:18-ൽ ഇങ്ങനെ കാണുന്നു. അതിനെ പിടിച്ചുകൊള്ളുന്നവർക്ക് അത് ജീവവൃക്ഷമാകുന്നു. അതിനെ മുറുകെ പിടിക്കുന്നവർ അനുഗ്രഹിക്കപ്പെട്ടവരാകുന്നു. സദൃ. 8:35. എന്നെ കണ്ടെത്തുന്നവൻ ജീവനെ കണ്ടെത്തുന്നു. അവൻ യഹോവയുടെ കടാക്ഷം പ്രാപിക്കുന്നു. ഈ ജ്ഞാനം നീതിയും സമാധാനവും നിറഞ്ഞതാണ്. സദൃ. 8:8-9 എന്റെ വായിലെ മൊഴി ഒക്കെയും നീതിയുള്ളവയാകുന്നു. അവയിൽ വക്രവും വികടവുമായത് ഒന്നുമില്ല. അവയെല്ലാം ബുദ്ധിമാന് സ്പഷ്ടം. പരിജ്ഞാനം ലഭിക്കുന്നവർക്കു നേരുമാകുന്നു, അതിനെ കൈക്കൊള്ളുന്നവർക്ക് അതിന്റെ വൈശിഷ്ട്യം പ്രാപിക്കാൻ കഴിയും. സദൃ. 8:1-6 വരെ. ഈ ജ്ഞാനം ക്രിസ്തു ജഡമായി തീർന്ന് അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിരിക്കുന്നു.

ഇനിയും പ്രിയപ്പെട്ടവരേ, ആത്മീയ രക്ഷയ്ക്കുവേണ്ടിയല്ലാതെ ക്രിസ്തീയ ജീവിതം നയിച്ചാൽ ഭയാനകമായ നഷ്ടമാണ് നമ്മെ തേടിയെത്തുന്നത്. മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചു പോകുന്ന മൃഗങ്ങൾക്കു തുല്യനത്രേ സങ്കീ. 49:20. നീതിയുടെ വഴി അറിഞ്ഞ ശേഷം തങ്ങളെ ഏല്പിച്ച വിശുദ്ധ കല്പന വിട്ടു

കളഞ്ഞാൽ സ്വന്തം ഛർദ്ദിയിലേക്ക് തിരിയുന്ന നായയെന്നും കുളിച്ചിട്ട് ചെളിയിൽ ഉരുളുവാൻ പോകുന്ന പന്നിയെന്നുമുള്ള സത്യമായ പഴഞ്ചൊല്ലുപോലെ അവർക്കു സംഭവിച്ചു.

ഈ കാലഘട്ടത്തിൽ ദൈവത്തിൽ നിന്നകലുവാൻ പ്രധാനപ്പെട്ട കാരണം ലോക സ്നേഹവും പാപസ്നേഹവും മാത്രമെന്നു പറയാൻ പറ്റില്ല. കാരണം തങ്ങൾ അറിഞ്ഞ ക്രിസ്തുവിന്റെ പാത പ്രവൃത്തിയില്ലാത്ത പ്രസംഗങ്ങൾ മാത്രമായി ശുഷ്കിച്ചു. ഇന്ന് ക്രിസ്തുവില്ലാത്ത ക്രിസ്തീയ സഭകളും, പരിശുദ്ധാത്മാവില്ലാത്ത അഭിഷിക്തന്മാരും, ക്രൂശ് എടുക്കാത്ത ക്രിസ്തീയ ജീവിതവും, മാനസാന്തരപ്പെടാത്ത വീണ്ടുംജനനം നടക്കാതെ ക്രൈസ്തവികതയും ലക്ഷ്യബോധമില്ലാത്ത, ശിഷ്യത്വമില്ലാത്ത ആത്മീയതയും, ആത്മീയ ദർശനമില്ലാത്ത വേലകളും വേലക്കാരും, ഒരു പരിധി വരെ അനേകരെ ക്രിസ്തുവിൽ നിന്നകറ്റാൻ ഇവർ കാരണഭൂതരാണ്.

തന്റെ ജനം ജ്ഞാനമുള്ളവരായിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. രണ്ടു വിരുദ്ധ ജീവിത രീതികളെ ദൈവം തിരുവചനത്തിലൂടെ ചിത്രീകരിച്ചു കാണിക്കുന്നു. ഭോഷന്മാരും, ജ്ഞാനികളും ജ്ഞാനി ദൈവത്തെ അന്വേഷിച്ചും സ്നേഹിച്ചും ജീവിക്കുമ്പോൾ ഭോഷൻ ദൈവത്തെ അവഗണിച്ചുകൊണ്ട് തന്നിഷ്ടക്കാരനായി ജീവിക്കുന്നു.

ഇന്ന് ദൈവഭയത്തിലും ഭക്തിയിലും ജീവിക്കുന്ന ഭക്തനെ തോല്പിക്കാൻ പിശാച് അന്ത്യം വരെയും പോരാടും. എന്നാൽ യേശുവിനെ അനുഗമിക്കുന്ന ഭക്തന് പിശാചിന്റെ പരീക്ഷണങ്ങളിൽ നിന്നു വിജയം വരിക്കാനും അവനെ തോല്പിക്കുവാനും സാധിക്കും. ജീവന്റെ പ്രമാണം ദൈവത്തിന്റെ വചനം കൈയ്യിൽ ഏന്തുമ്പോൾ തന്നെയുമല്ല ദുഷ്ടനോട് എതിർക്കുവാൻ ദൈവത്തിന്റെ സർവ്വായുധങ്ങൾ നമ്മുടെ കൈയ്യിലുള്ളിടത്തോളംകാലം നമ്മെ ഒരു ശക്തിക്കും ദൈവത്തിൽ നിന്നകറ്റുവാൻ കഴികയില്ല.

1.) ഭോഷത്തത്തിലേക്ക് തിരിയാൻ കാരണം ജീവന്റെ പ്രമാണങ്ങളെ തിരസ്കരിക്കുന്നതാണ്. 2). നമ്മുടെയുള്ളിൽ വിതയ്ക്കപ്പെട്ട വചനം നല്ല നിലത്തുവീണിട്ടില്ലെങ്കിലും ഭോഷത്വത്തിലേക്ക് തിരിയും. 3) ലോകവും അതിന്റെ മോഹങ്ങളും, ചിന്തകൾ, സമ്പത്ത് ഇവ ഉള്ളിൽ വചനത്തെ ഞെരുക്കുന്നു. മുള്ളിനിടയിലെ ഒരു അവസ്ഥ ഒരു പരിധി വരെ ക്രിസ്തുസ്നേഹത്തിൽ നിന്നും ദൈവവചനത്തിൽ നിന്നും നമ്മെ അകറ്റി ഭോഷത്തത്തിലേക്ക് തിരിയാൻ ഇത് കാരണമാകും.

ഇന്ന് ആത്മീയ ഗോളത്തിൽ അനേക ദുരുപദേഷ്ടകന്മാർ എഴുന്നേറ്റിരിക്കുന്നു. അവർ മുഖാന്തരം സത്യമാർഗ്ഗം ദുഷിക്കപ്പെടുമെന്ന് തിരുവെഴുത്ത് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് നമ്മുടെ വിളിയും തിരഞ്ഞെടുപ്പും നാം തന്നെ ഉറപ്പാക്കണമെന്ന് 1 പത്രൊ. 1:4

ലൂടെ തിരുവചനം നമ്മോടു പറയുന്നു. അവന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരുമാകേണ്ടതിന് അവൻ ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ അവനിൽ തിരഞ്ഞെടുത്തു എഫെ. 1:4. നിങ്ങളുടെ അന്തരാത്മാവ് പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവ സ്വരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ എഫെ. 4:23-24. തിരുവെഴുത്ത് വീണ്ടും പറയുന്നു : പ്രിയമകൻ എന്ന പോലെ ദൈവത്തെ അനുകരിപ്പിൻ.

ഭോഷന്റെ സ്വഭാവങ്ങൾ : അവൻ പ്രബോധനം നിരസിക്കുന്നു, ഭോഷത്തം വിളംബരം ചെയ്യുന്നു, ഭോഷത്തം ചെയ്യാൻ ധൈര്യം കാണിക്കുന്നു, ഹൃദയം ശാഠ്യമുള്ളതാണ്. അഹന്തയുടെ വാക്കുകൾ പുറപ്പെടുന്നു. സമൂഹത്തിന്റെ സ്വാധീനം സ്ഥാനമാനങ്ങൾ, ധനം, ജീവിത സുഖങ്ങൾ ഇവയാൽ എല്ലാം ഭോഷൻ അന്ധനായിത്തീരുന്നു. അതുകൊണ്ടാണ് ദൈവത്തിൽ നിന്നകന്ന ഭോഷനെ ഇനിയും തിരികെ കൊണ്ടുവരിക ദുഷ്കരമാണ്.

മടങ്ങിവന്ന മുടിയനായ പുത്രനെയും....വേലക്കാരെയും ദൃഷ്ടാന്തമായി ഭോഷന്റെ മുന്നിലേക്ക് തിരുവചനം കാണിച്ചുകൊടുക്കുന്നു. അതുകൊണ്ട് തിരുവചനം ജ്ഞാനത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു സദൃ. 1:7 യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. ആ ജ്ഞാനം പ്രാപിച്ച് ഭോഷത്തത്തിലേക്ക് പോകാതിരിപ്പാൻ തിരുവചന സത്യങ്ങൾ സ്വായത്തമാക്കാം. നിത്യതയോളം നിലനില്ക്കുന്നതാണ് നമ്മുടെ ദൈവവുമായുള്ള ബന്ധം മറ്റെല്ലാം താൽക്കാലികം. ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് നല്ല നിലത്തു വീണതോ വചനം കേട്ട സത്യസന്ധത ഹൃദയത്തിൽ സംഗ്രഹിച്ച് ക്ഷമയോടെ ഫലം നല്കുന്നവർ തന്നെ. പ്രിയ സഹോദരങ്ങളേ, വീണുപോയിട്ടുണ്ടെങ്കിൽ മടങ്ങി വരാം. ക്രിസ്ത്യാനിക്ക് കഷ്ടം ഉണ്ട്. തിരുവെഴുത്ത് പറയുന്നു: 1 പത്രൊ. 4:12-13. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കാളികൾ ആകുന്തോറും സന്തോഷിച്ചുകൊൾവിൻ. അല്ലാതെ നാം ഭോഷത്തത്തിലേക്ക് തിരിയുന്നതല്ല അഭികാമ്യം.

**നാം നമ്മെ എങ്ങനെ സൂക്ഷിക്കണം?**

നിങ്ങളോ പ്രിയമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധമായ വിശ്വാസം ആധാരമാക്കി നിങ്ങൾക്കുതന്നെ ആത്മിക അഭിവൃദ്ധി വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും നിത്യജീവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നും ദൈവസ്നേഹത്തിൽ നമ്മെ തന്നെ സൂക്ഷിച്ചുകൊൾവിൻ. ഈ വചനങ്ങൾ ഏറ്റെടുത്ത് കൊണ്ട് ഭോഷത്തത്തിലേക്ക് തിരിയാതെ ദൈവത്തോട് ചേർന്ന് ജീവിക്കുവാൻ നമ്മെ ഓരോരുത്തരേയും ദൈവമായ കർത്താവ് സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ.

**എത്സി തോമസ്, മീൻതുള്ളി**

# കണ്ടാലും കൊണ്ടാലും പഠിക്കാത്തവർ

നമ്മുടെ ജീവിതത്തിൽ നാം എടുക്കുന്ന ചില നിർണ്ണായകമായ തീരുമാനങ്ങളുടെ ഭവിഷ്യത്ത് ജീവിതകാലം മുഴുവൻ നമ്മളെ പിന്തുടരാറുണ്ട്. സാമാന്യ ബുദ്ധിയുള്ളവർ സുപ്രധാന തീരുമാനങ്ങൾ എടുക്കുമ്പോൾ സമാനമായ സാഹചര്യങ്ങളിൽ സമാനമായ തീരുമാനമെടുത്ത മറ്റുള്ളവർക്ക് എന്തു സംഭവിച്ചു എന്ന് പരിശോധിക്കാറുണ്ട്. എന്നാൽ ചിലർ എത്ര കൊണ്ടാലും കണ്ടാലും ഒന്നും പഠിക്കുകയില്ലെന്ന് മാത്രമല്ല അപകടത്തിലേക്ക് ചെന്ന് തല വെച്ചുകൊടുക്കുകയും ചെയ്യും. നമ്മുടെ നാട്ടിലെ സാമാന്യബുദ്ധി നഷ്ടപ്പെട്ട് പ്രണയക്കെണിയിൽ പെട്ടു പോയ പെൺകുട്ടികൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന ദാരുണമായ അന്ത്യത്തെക്കുറിച്ചാണ് പറഞ്ഞുവരുന്നത്.

സോഷ്യൽ മീഡിയയിൽ മാത്രമല്ല പത്രത്താളുകളിലെയും ചൂടുള്ള വാർത്തയാണ് പ്രണയം നടിച്ച് പീഡിപ്പിക്കുന്നതും അതിനെ തുടർന്നുള്ള ആത്മഹത്യയും കൊലപാതകങ്ങളും മറ്റും. സമാനമായ സാഹചര്യത്തിൽ മറ്റു പെൺകുട്ടികൾക്ക് സംഭവിച്ച ദുരന്തങ്ങളെക്കുറിച്ച് നിത്യവും കേൾക്കുകയും കാണുകയും ചെയ്തിട്ടും പിന്നെയും നമ്മുടെ പെൺകുട്ടികൾ ഈ കെണികളിൽ വീഴുന്നതിന്റെ കാരണം എന്താണ്?

പ്രണയക്കെണി ഒരുക്കുന്നവർ ഈ പാവം പെൺകുട്ടികളെ മസ്തിഷ്ക പ്രക്ഷാളനം നടത്തി അവരെ ചിന്താശേഷി ഇല്ലാത്തവരാക്കി ചില അബദ്ധധാരണകളുടെ അടിമകളാക്കി മാറ്റുന്നു. എന്റെ കൗൺസലിങ്ങ് അനുഭവത്തിൽ ഇരകളായ പെൺകുട്ടികൾ പങ്കുവെച്ച ചില ആനമണ്ടത്തരങ്ങൾ ചുവടെ കുറിക്കുന്നു.

1. എല്ലാ ആണുങ്ങളും പെൺകുട്ടികളെ വഞ്ചിക്കുന്നവരല്ല .എന്റെ ആൾക്ക് എന്നോട് ശരിക്കും പ്രണയമാണ്. കല്യാണം കഴിഞ്ഞാൽ മദ്യപിക്കില്ലെന്ന് വാക്കു തന്നിട്ടുണ്ട്.
2. അയാൾ അവരുടെ മതത്തിൽ വിശ്വാസമൊന്നും ഉള്ള ആളല്ല. വിവാഹം കഴിഞ്ഞാൽ എന്റെ വിശ്വാസപ്രകാരം എനിക്ക് ജീവിക്കാം എന്ന് വാക്ക് തന്നിട്ടുണ്ട്. രജിസ്റ്റർ വിവാഹം കഴിയുന്നതുവരെ ഇവരൊക്കെ തികച്ചും മതേതരരാണെന്ന് അഭിനയിക്കും. രജിസ്റ്റർ വിവാഹം കഴിയുമ്പോൾ ഇവരുടെ മതഭ്രാന്ത് തലനീട്ടി പുറത്തുവരും. കെട്ടിയവന്റെ മാതാപിതാക്കളെ സന്തോഷിപ്പിക്കാൻ വേണ്ടി മതം

മാറിയതായി അഭിനയിച്ചാൽ മതിയെന്ന് ആവശ്യപ്പെടും. ഈ കള്ളക്കാമുകന്മാർ പറയുന്ന ഇക്കാര്യങ്ങളൊക്കെ സത്യമാണെന്ന് വിശ്വസിക്കുന്ന പെൺകുട്ടികൾ വിശ്വാസസമൂഹത്തിൽ പോലും ഉണ്ടെന്നുള്ളത് വളരെ ദുഃഖകരമാണ്. ഇത്തരം പല കേസുകളും എനിക്ക് നേരിട്ട് അറിയാം.

3. എന്റെ ആള് മറ്റ് സ്ത്രീകളുമായി ഒന്നും യാതൊരു ബന്ധവുമില്ലാത്ത പച്ച പാവമാണ്. അനേക പെൺകുട്ടികളെ ഒഴിവാക്കിയാണ് അയാൾ എന്നെ സ്നേഹിക്കുന്നത്. ഇത് ഒരു വലിയ കെണിയാണ് എന്ന് ഈ പെൺകുട്ടികൾ മനസ്സിലാക്കുന്നില്ല. ഇവരിൽ മിക്കവർക്കും പല പെൺകുട്ടികളുമായി ബന്ധം ഉണ്ടാവും. ഭാര്യയും മക്കളും ഉള്ളവരും ഈ കൂട്ടത്തിൽ ഉണ്ട്. സ്നേഹിച്ചു പോയില്ലേ ഇനി ഇയാളോട് പറ്റില്ല എന്ന് പറഞ്ഞാൽ അത് അദ്ദേഹത്തിന് വലിയ ദുഃഖമാകും. അയാളോട് പറ്റില്ല എന്ന് പറഞ്ഞാൽ അയാൾ ദുഃഖം അഭിനയിക്കും എന്ന കാര്യം ശരിയാണ്. എന്നാൽ സത്യമായി സംഭവിക്കുന്നത് അയാൾ അടുത്ത ഇരയെ അന്വേഷിച്ച് പോകുന്ന കാഴ്ചയാണ്. ഈ കള്ളക്കാമുകനു വേണ്ടി മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും ഈ പെൺകുട്ടികൾ ഉപേക്ഷിക്കുന്നതിൽ നിന്ന് തന്നെ ഇവരുടെ തലച്ചോറ് കാമുകന്റെ കാല്ക്കൽ പണയം വെച്ചു എന്ന് മനസ്സിലാക്കാം.

4. എന്റെ ആള് ഒരു നല്ല മനസ്സിന്റെ ഉടമയാണ്. ഞാൻ പ്രൊഫഷണൽ കോഴ്സിന് പഠിച്ചിരുന്ന കാലത്ത് എന്റെ എല്ലാ ആവശ്യത്തിനും ഒരു ആങ്ങളയെപ്പോലെ സഹായവുമായി ഓടിയെത്തിയിരുന്നു. അങ്ങനെയാണ് ഞങ്ങൾ തമ്മിൽ അടുത്തത്. ഒരു സുഹൃത്ത് എന്നതിനപ്പുറം നിന്ന് സഹായം എത്തിച്ചതിന്റെ ഗൂഢലക്ഷ്യം ഈ പെൺകുട്ടികൾ തിരിച്ചറിയുന്നില്ല. പിരിയാൻ കഴിയാത്ത വിധത്തിൽ പ്രണയക്കുരുക്കിൽ ബന്ധിച്ചതിനുശേഷം മാത്രമാണ് ഇയാൾ താൻ ആങ്ങള അല്ല കാമുകൻ ആണെന്ന് വെളിപ്പെടുത്തുകയുള്ളൂ.

5. എന്റെ ആള് മദ്യമോ മയക്കുമരുന്നോ ഒന്നും ഉപയോഗിക്കാത്ത നല്ല മനുഷ്യനാണ്. വിവാഹശേഷം ആയിരിക്കും ഇവരുടെ തനി സ്വഭാവം പെൺകുട്ടികൾ തിരിച്ചറിയുന്നത്. ഇത്തരക്കാർ മിക്കവരും ലഹരി ഉപയോഗിക്കുന്നവർ മാത്രമല്ല മയക്കുമരുന്നിന്റെ വിതരണക്കാർ കൂടി ആണെന്ന് തിരിച്ചറിയുന്ന പെൺകുട്ടികളുടെ സമനില തെറ്റിപ്പോകാൻ സാധ്യതയുണ്ട്.

6. ഞങ്ങളുടെ കാര്യത്തിൽ തീരുമാനമെടുക്കുവാൻ ഞങ്ങൾക്ക് നല്ല ശേഷിയുണ്ട്. ഞങ്ങളെ നിയന്ത്രിക്കുവാനും ഭാവി കാര്യങ്ങൾ

നിശ്ചയിക്കുവാനും ഞങ്ങൾക്ക് ആവശ്യമായ അറിവുണ്ട്. പ്രണയത്തിന്റെ മനോഹാരിതയെക്കുറിച്ച് അറിവില്ലാത്ത മുതിർന്നവരുടെ ഉപദേശം ഞങ്ങൾക്ക് ആവശ്യമില്ല.

മുകളിൽ പറഞ്ഞ കാര്യങ്ങളിൽ ചിലത് പെൺകുട്ടികൾ പങ്കുവെച്ചപ്പോൾ ഞാൻ താടിക്ക് കൈ കൊടുത്തിരുന്നു പോയി.

നല്ല സാമ്പത്തികശേഷിയുള്ള കാണാൻ സൗന്ദര്യമുള്ള പ്രൊഫഷണൽ വിദ്യാഭ്യാസയോഗ്യതയുള്ള പെൺകുട്ടികളെയാണ് കെണിവെച്ച് ഈ സാമൂഹ്യദ്രോഹികൾ പിടിച്ചെടുക്കുന്നത്. ഇരകളായ ഈ പെൺകുട്ടികളുടെ ധാരണ തങ്ങളുടെ കാമുകന്മാർ തങ്ങളെ സ്നേഹിച്ച്, പോറ്റി പുലർത്തി, സംരക്ഷിച്ചു, രാജകുമാരിയെ പോലെ കൊണ്ടുനടക്കുമെന്നാണ്. സ്നേഹിച്ച് ലാളിച്ചു വളർത്തിയ മാതാപിതാക്കളെ ഉപേക്ഷിച്ച് ഇന്നലെ കണ്ട തന്റെ കൂടെ ഇറങ്ങിപ്പോന്ന പെൺകുട്ടിയെ ഈ കള്ളക്കാമുകൻ ഒരുനാളും വിശ്വസിക്കുകയില്ല. ഒരവസരം കിട്ടിയാൽ തന്നെയും ഉപേക്ഷിച്ച് ഇവൾ പോകുമെന്ന് അയാൾ കരുതുന്നു. ഏതായാലും എന്തോ ആകർഷണീയത തോന്നി വലിയ തീജ്വാലയിലേക്ക് വീണ് വെന്ത് എരിയുന്ന ഈയ്യാം പാറ്റകളായി ഇവർ മാറുന്നത് നിറകണ്ണുകളോടെ നോക്കി നില്ക്കാനേ മാതാപിതാക്കൾക്ക് കഴിയുന്നുള്ളു. അപൂർവ്വം ചില പെൺകുട്ടികളെ പ്രാർത്ഥനയിലൂടെയും കൗൺസലിങ്ങിലൂടെയും മോചിപ്പിച്ചെടുക്കുവാൻ ദൈവകൃപയാൽ സാധിച്ചു എന്നത് സന്തോഷത്തോടെ ഓർക്കുന്നു. സൗജന്യ കൗൺസലിങ്ങിനും പ്രാർത്ഥനയ്ക്കും ബന്ധപ്പെടുക.

**പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ**

---

*പേജ് 14 ന്റെ തുടർച്ച (വിടുവിക്കപ്പെട്ടവൾ)*

പാപപ്രവൃത്തികളിൽ മുഴുകി നാശത്തിലേക്കു തിരിയുന്നുവെങ്കിൽ അതിൽ വിടുവിപ്പാനായി അവനിൽ (ക്രിസ്തു) വിശ്വസിക്കുക. "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു 1 യോഹ. 1:7.

ക്രിസ്തുവിശ്വാസത്താൽ പുതിയ സൃഷ്ടികളായി തീർന്ന ദൈവമക്കൾ നശിച്ചു പോകുന്നവരുടെ വിടുതലിനായും ആത്മഭാരത്തോടെ പ്രാർത്ഥിക്കുവാനും പ്രയത്നിക്കുവാനും നല്ല സാക്ഷ്യജീവിതമുള്ളവരായി ജീവിച്ച് നല്ലൊരു തലമുറയെ നേടുവാൻ സർവ്വശക്തൻ സഹായിക്കുമാറാകട്ടെ.

**സാറാമ്മ ശശി, കവിയൂർ**

## വിശ്വാസികൾ (പ്രത്യേകിച്ചും) അനുവർത്തിക്കുന്നതിന്
(തുടർച്ച...)

29. ചോദിക്കുന്നതെല്ലാം കുഞ്ഞുങ്ങൾക്കു കൊടുത്ത് ശീലിപ്പിക്കരുത്. ആവശ്യമുള്ളത് അറിഞ്ഞു കൊടുക്കുക. മക്കളെ തന്നിഷ്ടത്തിനു വിട്ടു വളർത്തരുത്.
30. കൊട്ടു കേൾക്കുന്നിടത്തെല്ലാം പോകരുത്.
31. സുഖമില്ലാത്തവർ സുഖമുള്ളവരുടെ കൂടെ ഉല്ലാസയാത്ര ചെയ്യരുത്; അവർ വീട്ടിൽ ഇരിക്കണം അല്ലെങ്കിൽ കൂടെ പോകുന്നവർക്കു വിഷമം ഉണ്ടാക്കും.
32. കൂട്ടുകാരെ തിരഞ്ഞെടുക്കുന്നതു സൂക്ഷിച്ചുവേണം.
33. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.
34. വാർദ്ധക്യത്തിലും ഫലം കായ്ക്കണം.
35. വാർദ്ധക്യത്തിൽ ഇരിക്കുന്ന മാതാപിതാക്കളെ നിന്ദിക്കരുത്; നമുക്കും വാർദ്ധക്യം വരുമെന്നു ഓർക്കുക.
36. ദാസന്മാരോടു മര്യാദയായി ഇടപെടുക; നമുക്കു ഒരു യജമാനൻ സ്വർഗ്ഗത്തിൽ ഉണ്ടെന്നു ചിന്തിക്കുക.
37. വിശ്വാസികൾക്കു പല "നോനോ"കൾ ഉണ്ട്, അതു പാലിക്കുവാൻ വയ്യെങ്കിൽ അവിശ്വാസിയായി തുടരുക.
38. വിശ്വാസിയെ കണ്ടാൽ പൊതുജനം തിരിച്ചറിയണം. ഇടപാടുകൾ ആ വിധത്തിൽ ആയിരിക്കണം.
39. ദൈവനാമത്തിനായി അപമാനം സഹിക്കുക; അവസാനത്തോളം സഹിച്ചു നില്ക്കുക.
40. വിശ്വാസ ജീവിതം പട്ടുമെത്തയല്ല; മനുഷ്യൻ കഷ്ടതയ്ക്കായി ജനിച്ചിരിക്കുന്നു.
41. മനുഷ്യൻ അല്പായുസ്സുള്ളവനും കഷ്ട സമ്പൂർണ്ണനുമാകുന്നു.
42. ബസ്സിൽ കയറിയിരുന്ന് നീട്ടിത്തുപ്പരുത്.
43. ആവശ്യം ഇല്ലാത്തിടത്ത് അഭിപ്രായം പറയരുത്.
44. അന്യഭവനത്തിൽ സ്വാതന്ത്ര്യം കാണിക്കരുത്.
45. മറ്റുള്ളവരുടെ കുടുംബകാര്യങ്ങളിൽ അവർ ആവശ്യപ്പെടാതെ തലയിടരുത്.
46. ഏതു ജോലിയിലും വിശ്വസ്തത പാലിക്കുക.
47. ഉടമസ്ഥൻ കാണുന്നില്ലെന്നുള്ളത് വിഷയമാക്കരുത്.
48. വേലക്കാരൻ തന്റെ കൂലിക്കു യോഗ്യൻ, വേലചെയ്തിട്ടു കൂലി വാങ്ങണം.
49. ഉപായം കൊണ്ടു കഷായം വയ്ക്കരുത്.
50. ചതിയായി ഒന്നും പ്രവർത്തിക്കരുത്.

**അന്നമ്മ സി. ജോൺ**

# BIBLE QUIZ

(ഈ ലക്കം Quest 91 -ലെ ചോദ്യങ്ങൾ
സംഖ്യാപുസ്തകത്തിൽ നിന്നുമാണ് )

1. മോശെ ഗിലെയാദ് ദേശം ആർക്കാണ് കൊടുത്തത്?
2. അഹരോന്റെ മരണശേഷം പുരോഹിത ശുശ്രൂഷ ചെയ്തത് ആര്?
3. പിതൃഗോത്രമായി എണ്ണാത്ത ഗോത്രം ഏത്?
4. കാലേബിന്റെ അപ്പന്റെ പേര് എന്ത്?
5. അഹരോന്റെ ആദ്യജാതന്റെ പേര് എന്ത്?
6. ജാതികളിൽ മുമ്പൻ ആര്?
7. മത്സരികൾക്ക് അടയാളമായി സൂക്ഷിക്കേണ്ടതിന് സാക്ഷ്യത്തിന്റെ മുമ്പിൽ തിരികെ കൊണ്ടുവരാൻ യഹോവ മോശെയോട് പറഞ്ഞത് എന്ത്?
8. സഹസ്രാധിപന്മാരും ശതാധിപന്മാരും യഹോവയ്ക്ക് ഉദർച്ചാർപ്പണം ചെയ്ത പൊന്ന് എത്ര ശേക്കെൽ ആയിരുന്നു?
9. കനാൻ ദേശം ഒറ്റുനോക്കേണ്ടതിന് മോശെ ആളുകളെ അയച്ചത് എവിടെ നിന്നായിരുന്നു?
10. കോരഹിന്റെ സംഗതിവശാൽ മരിച്ചവരെ കൂടാതെ ബാധയാൽ മരിച്ചവർ എത്രപേർ?
11. ഹെശ്ബോൻ ആരുടെ നഗരം ആയിരുന്നു?
12. കഴുത വായ് തുറന്ന് സംസാരിക്കുന്നതിന് മുമ്പ് ബിലെയാം എത്ര പ്രാവശ്യം കഴുതയെ അടിച്ചു?
13. കൊല ചെയ്തവർ ഓടിപ്പോകേണ്ടതിന് വേണ്ടി നിർമ്മിക്കപ്പെട്ട സങ്കേത നഗരങ്ങൾ എത്ര?
14. എഫ്രയീം ഗോത്രത്തിന്റെ പ്രഭു ആര്?
15. പന്ത്രണ്ടു നീരുറവയും എഴുപതു ഈന്തപ്പനയും ഉണ്ടായിരുന്ന സ്ഥലം ഏത്?
16. യിസ്രായേൽമക്കൾ തലമുറതലമുറയായി വസ്ത്രത്തിന്റെ കോൺതലയ്ക്കലെ പൊടിപ്പിൽ എന്താണ് കെട്ടേണ്ടത്?
17. ഏതൊരു മനുഷ്യന്റെയും ശവം തൊടുന്നവൻ ഏതെല്ലാം ദിവസങ്ങൾ വെള്ളം കൊണ്ട് തന്നെത്താൻ ശുദ്ധീകരിക്കണം?
18. യിസ്രായേൽ മക്കൾ യഹോവയ്ക്ക് ഉദർച്ചാർപ്പണമായി അർപ്പിക്കുന്ന ദശാംശം ആർക്ക് അവകാശമായി കൊടുത്തിരിക്കുന്നു?
19. യിസ്രായേൽ പാളയത്തിൽ വച്ച് പ്രവചിച്ചത് ആരെല്ലാം?
20. മോശെയുടെ അമ്മായിയപ്പന്റെ പേര് എന്ത്?

## പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 91 – ന്റെ ഉത്തരങ്ങൾ 2023 ഒക്ടോബർ 30 – നു മുമ്പായി
ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ,
വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
വാട്ട്സ് ആപ്പ് നമ്പർ : 9087144349
ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :
Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11

Printed at Grace Printers, Muttada, Trivandrum (Mob: 9447059891)
for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11